I.ഇ.ബി. XIIകേരള നിയമസഭ/IX-1

**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 നവംബർ 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുമോദനം**

മി. സ്പീക്കർ: ബഹിരാകാശ ശാസ്ത്ര രംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം കൈവരിച്ച ചന്ദ്രയാൻ-1-ന്റെ ദൗത്യം വിജയകരമായി പൂർത്തീകരിച്ച ഐ.എസ്.ആർ.ഒ. ചെയർമാൻ ശ്രീ. മാധവൻ നായർക്കും. മറ്റു ശാസ്ത്രജ്ഞർക്കും കേരള നിയമസഭ ഹാർദ്ദമായ അനുമോദനം അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ചന്ദ്രയാൻ-1-ന്റെ ദൗത്യം വിജയകരമായി പൂർത്തീകരിച്ച ഐ.എസ്.ആർ.ഒ. ചെയർമാനും മറ്റു ശാസ്ത്ര ജ്ഞർക്കും അഭിനന്ദനം അർപ്പിക്കുന്നു. അവർക്ക് ഉചിതമായ സ്വീകരണം നൽകുന്നതിനുള്ള നടപടികൾ സാംസ്ക്കാരിക വകുപ്പ് സ്വീകരിച്ചുകൊണ്ടിരി ക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഇന്ത്യയിലെ നൂറു കോടി യിലധികം വരുന്ന ജനങ്ങളുടെ അഭിമാനമാണ് ചന്ദ്രയൻ-1-ന്റെ വിജയം. അതിൽ കേരളത്തിന്റെ പങ്ക് വളരെ വലുതാണെന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. ഇതുപോലുള്ള വിജയങ്ങൾ ഭാവിയിലും ഉണ്ടാകുന്നതിന് രാജ്യം മുഴുവൻ ഈ ശാസ്ത്രജ്ഞരോടൊപ്പം നിൽക്കുമെന്ന് അവർക്ക് ഉറപ്പ് നൽകാൻ ഈ അവസരം വിനിയോഗിക്കുന്നു.

**അടിയന്തിരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

മി. സ്പീക്കർ: പൊതു വിപണിയിൽ അരി, പച്ചക്കറി, ഫലവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവുമൂലം കേരളത്തിലെ ജനജീവിതം ദുഷ്ക്കരമായിത്തീർന്നതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, വി.കെ. ഇബ്രാഹിംകുഞ്ഞ്, ജോസഫ് എം പുതുശ്ശേരി, കെ.ബി.ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വിലവർദ്ധനവ് കേരളത്തിലുണ്ടായിട്ടില്ല. വിലവർദ്ധനവ് പിടിച്ചു നിർത്താൻ മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്തതിന്റെ ഫലമായി കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ നിത്യോപയോഗ സാധനങ്ങളുടെ വില ഗണ്യമായ

തോതിൽ കുറഞ്ഞിട്ടുണ്ട്. വിലക്കയറ്റത്തെ നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നിത്യോപയോഗസാധനങ്ങളും ഭക്ഷ്യധാന്യങ്ങളും സംഭരിച്ച് കമ്പോളത്തിൽ കൃത്യമായി എത്തിക്കുന്നതാണ്. ഇതിന് പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന വ്യത്യാസം പ്രധാന ഘടകമാണ്. കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറച്ചാൽ രണ്ട് ദിവസത്തിനുള്ളിൽ കേരളത്തിൽ നിത്യോപയോഗസാധനങ്ങൾക്ക് വില കുറയും. ലോകമാകെ ഫൈനാൻഷ്യൽ ക്രൈസിസ്സിൽപ്പെട്ടിരിക്കുകയാണ്. അതിന്റെ തിരിച്ചടികൾ കേരളത്തിലെ കമ്പോളത്തിലും പ്രകടമാകും. ഇന്ത്യയിൽ ഒരിക്കലുമുണ്ടായിട്ടില്ലാത്ത രീതിയിൽ ചെറുകിട കച്ചവടരംഗത്ത് വിദേശ കുത്തകകൾ കടന്നു കയറിയതിന്റെ ഫലമായി കമ്പോളത്തിൽ ഗണ്യമായ സ്വാധീനം അവർക്ക് ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഇലക്ട്രിസിറ്റി താരിഫ് അതോറിറ്റി വന്നതോടുകൂടി വൈദ്യുതിയുടെ കാര്യത്തിലും കേരളം പ്രതിസന്ധിയിലാണ്. പ്രൈസ് ഇൻഡക്സ് അനുസരിച്ച് ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലെ ദേശീയ നിലവാരം 450 പോയിന്റും കേരളത്തിൽ 442 പോയിന്റുമാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ട് ജനങ്ങളെ സഹായിക്കുന്നതിന് കമ്പോളത്തിൽ ഇടപെട്ടുകൊണ്ട് ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ സംഭരിച്ച് ന്യായമായ വിലക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ജീരകം, പഞ്ചസാര തുടങ്ങിയ ചില സാധനങ്ങളൊഴിച്ച് മറ്റുള്ളവയുടെ വിലവർദ്ധനവ് ഒരുപരിധി വരെ പിടിച്ചു നിറുത്താൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കമ്പോള ഇടപെടലിനുവേണ്ടി 60

കോടി രൂപ ഇതിനകം ഗവൺമെന്റ് ചെലവഴിച്ചു കഴിഞ്ഞു. പൊതുവിതരണ സംപ്രദായം മാതൃകാപരമായി നടപ്പിലാക്കുന്ന സംസ്ഥാനങ്ങളെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു വരണം. വിലക്കയറ്റം ദേശീയ പ്രശ്നമായി കണ്ട് കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പ്പുകാരേയും കൈകാര്യം ചെയ്യാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി ഒരു പ്രമേയം പാസ്സാക്കി. വിലക്കയറ്റം ഒരു ആഗോള പ്രതിഭാസമാണ്. അത് പരിഹരിക്കാൻ പ്രതിപക്ഷം എന്തു നിർദ്ദേശം മുന്നോട്ടു വച്ചാലും അത് നടപ്പിലാക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. അടിയന്തിരപ്രമേയം സഭനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം കുതിച്ചുയർന്നതിനെക്കുറിച്ചുള്ള ചർച്ചയെ രാഷ്ട്രീയപ്രേരിതമായി കൈകാര്യം ചെയ്യാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. വിലക്കയറ്റത്തെ നിയന്ത്രിക്കാൻ മുൻ ഗവൺമെന്റുകൾ ചെയ്തതുപോലെ ന്യായമായ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കണം. മാർക്കറ്റ് ഇന്റർവെൻഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. നിത്യോപയോഗസാധനങ്ങളുടെയും പച്ചക്കറിയുടെയും വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായിരിക്കുന്നു. മാർക്കറ്റിൽ ഇന്റർവീൻ ചെയ്യുന്നതിന് അൺലിമിറ്റഡ് സപ്പോർട്ട് കൊടുക്കാമെന്ന ധനകാര്യവകുപ്പിന്റെ വാഗ്ദാനം ജലരേഖയായി മാറിയിരിക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാർക്കറ്റിൽ ഇടപെട്ട് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും അരി വാങ്ങാതെ സംസ്ഥാനത്തെ മാർക്കറ്റുകളിൽ നിന്നും അരി വാങ്ങി വിറ്റത് വിലവർദ്ധനവിന് കാരണമായി.

കുട്ടനാട്ടിലെ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന കേന്ദ്ര ഗവൺമെന്റ് സ്കീമിനെ ഗവൺമെന്റ് അട്ടിമറിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷത്തിനുവേണ്ടി നൽകുന്ന അരി പോലും കിലോഗ്രാമിന് 14 രൂപയ്ക്ക് മറിച്ചു വിൽക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനെ ലാഭത്തിലാക്കുക എന്ന അജണ്ടയല്ലാതെ മാർക്കറ്റിലിടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാനുള്ള ഒരു ശ്രമവും ഗവൺമെന്റ് ഇതുവരെ നടത്തിയിട്ടില്ല. തമിഴ്നാട്, ആന്ധ്രാ സംസ്ഥാനങ്ങൾ കുറഞ്ഞ വിലക്ക് അരി വിതരണം ചെയ്യുന്നുണ്ട്. മാർക്കറ്റിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ ഫണ്ട് അനുവദിക്കണം. ഈ ഗുരുതരമായ പ്രശ്നം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. സി. ദിവാകരൻ</u> : കൺസ്യൂമർ സംസ്ഥാനമായ കേരളത്തിന് കേന്ദ്ര ഗവൺമെന്റ് പ്രത്യേകമായ പരിഗണന നൽകിയാൽ മാത്രമേ വിലക്കയറ്റം പരിപൂർണ്ണമായി നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. വിലക്കയറ്റം തടയുന്ന തിന് കേന്ദ്ര ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാവേലി സ്റ്റോറുകൾവഴി 10 ശതമാനം മുതൽ 50 ശതമാനംവരെ വില കുറച്ച് സാധ നങ്ങൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകൾ ഉണ്ടാകുന്നതാണ്. മിഡ് ഡേ മീൽ സ്കീമിന്റെ അരി വില്പന നടത്തിയെന്ന് പറയുന്നത് പൂർണ്ണമായും ശരിയല്ല. അത് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ നിറുത്തിവച്ചുകൊണ്ടുള്ള ഉത്തരവ് കൊടു ത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച്

ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് അഭിപ്രായം രേഖപ്പെടുത്തിയാൽ കേരളത്തിൽ വിലക്കയറ്റം കുറയും. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നല്ല നിർദ്ദേശങ്ങളെ ഗവൺമെന്റ് സ്വാഗതം ചെയ്യുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ചുകൊണ്ട് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, പി.കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) മുസ്ലീം, നാടാർ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ്

ശ്രീ. എൻ. ശക്തൻ: കേരളത്തിലെ മുസ്ലീം, നാടാർ, മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്നിവയിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനു നൽകുന്ന വാർഷിക സ്കോളർഷിപ്പ് 125 രൂപയിൽ നിന്നും 1000 രൂപയാക്കി വർദ്ധിപ്പിക്കണം. 1971-ൽ മുസ്ലീം സമുദായത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടി 100 രൂപ വാർഷിക സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. 1979-ൽ ഈ സ്കോളർഷിപ്പ് നാടാർ സമുദായത്തിലെ പെൺകുട്ടികൾക്കും 2005-ൽ മറ്റ് പിന്നോക്ക സമുദായങ്ങളിലെ പെൺകുട്ടികൾക്കും 2006-ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുന്നോക്കവിഭാഗങ്ങളിലെ പെൺകുട്ടികൾക്കും കൂടി ലഭ്യമാക്കി. 1998-ലെ സർക്കാർ ഈ വാർഷിക സ്കോളർഷിപ്പ് 100 രൂപ

യിൽ നിന്നും 125 രൂപയായും വരുമാനപരിധി 9,000 രൂപയിൽ നിന്നും 18,000 രൂപയായും ഉയർത്തി. വാർഷിക സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ വരുമാന സർട്ടിഫിക്കറ്റും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കണം. സ്കോളർഷിപ്പ് തുക വളരെ തുച്ഛമായതിനാലും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുളള ബുദ്ധിമുട്ടുമൂലവും പലരും ഇതിനായി ശ്രമിക്കാറില്ല. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുകയും ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥിനികൾക്കു നൽകിവരുന്ന ഈ സ്ക്കോളർഷിപ്പ് 1000 രൂപയാക്കി വർദ്ധിപ്പിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽക്കൂടി ധനസഹായം നൽകാൻ തീരുമാനിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ.ബേബി): 12-07-1966-ലെ സർക്കാർ ഉത്തരവനുസരിച്ചാണ് മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്ക്കോളർഷിപ്പ് നൽകാൻ തീരുമാനമായത്. 1979-ൽ നാടാർ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും 2005-ൽ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും ഈ ആനുകൂല്യം നൽകാൻ ഉത്തരവായി. 2006-ൽ യു.പി. വിഭാഗത്തിന് കൊടുത്തിരുന്ന സ്ക്കോളർഷിപ്പ് 75 രൂപയിൽ നിന്ന് 100 രൂപയായും ഹൈസ്ക്കൂൾ വിഭാഗത്തിന് കൊടുത്തിരുന്ന സ്ക്കോളർഷിപ്പ് 100 രൂപയിൽ നിന്ന് 150 രൂപയായും വർദ്ധിപ്പിക്കുകയും വാർഷിക വരുമാന പരിധി 18000 രൂപയിൽ നിന്ന് 25000 രൂപയാക്കി ഉയർത്തുകയും ചെയ്തു. ധനകാര്യ വകുപ്പുമായി ആലോചിച്ച് ഇപ്പോൾ നൽകിവരുന്ന സ്ക്കോളർഷിപ്പ് തുക കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട പാലോളി കമ്മിറ്റി ശുപാർശയനുസരിച്ച്

ബിരുദ-ബിരുദാനന്തര-പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം സമുദായത്തിൽപ്പെട്ട പെൺകുട്ടികൾക്കു മാത്രമായി 2008-09 മുതൽ സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ മാറ്റം വരുത്താൻ ഇപ്പോൾ ആലോചനയില്ല.

(2) ആഗോള സാമ്പത്തിക പ്രതിസന്ധി

ശ്രീ. പി. ജയരാജൻ: സംസ്ഥാനത്തെ ജനങ്ങളെയും സാമ്പത്തിക സ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്ന ആഗോള സാമ്പത്തിക പ്രതിസന്ധി തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് ദേശീയ നാണയ നിധി തന്നെ ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ട്. 1930-നുശേഷം സാമ്പത്തിക കമ്പോളങ്ങളിൽ ഗുരുതരമായ ആഘാതം സൃഷ്ടിക്കുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധി. അമേരിക്കയിലെ കെട്ടിട നിർമ്മാണ മേഖല തകർന്നു. ലേമാൻ ബ്രദേഴ്സ് ഉൾപ്പെടെയുള്ള അമേരിക്കയിലെയും യൂറോപ്പിലെയും വൻകിട ധനകാര്യ സ്ഥാപനങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. സാമ്രാജ്യത്വ മൂലധന സ്വഭാവമാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണം. കമ്പോളധനം എല്ലാ കാര്യവും തീരുമാനിക്കും എന്നു കരുതിയിരുന്നവർ തന്നെ ഈ പ്രതിസന്ധി തരണം ചെയ്യാൻ ഭരണകൂടം ഇടപെടണമെന്ന് അപേക്ഷിക്കുകയാണ്. ഇൻഡ്യയിൽ 1991 മുതൽ കേന്ദ്രം നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വികസന തന്ത്രങ്ങൾ ഇതിന് പ്രധാന കാരണമാണ്. ഈ വികസന തന്ത്രങ്ങൾ പുന:പരിശോധിക്കണം. കേന്ദ്രത്തിന്റെ സാമ്പത്തിക ഉദാരവൽക്കരണ നയം തിരുത്തണം. സംസ്ഥാനങ്ങൾക്കാവശ്യമായ അരി ലഭ്യമല്ലെങ്കിലും പല

കുത്തക കമ്പനികളും അരി സംഭരിച്ച് 'അരിമേള' നടത്തുകയാണ്. ആഗോള മൂലധന നയങ്ങൾ ഇൻഡ്യയിലെ ബാങ്കിംഗ്-ഇൻഷ്വറൻസ് മേഖലയിൽ ഉളവാക്കുന്ന പ്രത്യാഘാതങ്ങൾ രൂക്ഷമാണ്. പെട്രോൾ, ഡീസൽ വില വർദ്ധനവ് കേരളത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നതുകൊണ്ട് അവയുടെ വില അടിയന്തിരമായി കുറയ്ക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടണം. കയറ്റുമതി വ്യവസായം പ്രതിസന്ധിയിലാണെന്ന് മാത്രമല്ല തൊഴിൽദിനങ്ങളും കുറഞ്ഞിരിക്കുകയാണ്. ടൂറിസം, ടെക്സ്റ്റെയിൽ എന്നീ വ്യവസായ മേഖലകളിലും മാന്ദ്യം ഉണ്ടായിരിക്കുകയാണ്. സംസ്ഥാനത്തിന്റെ നാനാ മേഖലകളിലും മാന്ദ്യം ഉണ്ടായിരിക്കുന്നതുകൊണ്ട് ഗവൺമെന്റ് ഇടപെട്ട് ഈ പ്രതിസന്ധി തരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ്ഘടനയിലും ജനജീവിതത്തിലും വളരെ ഗൗരവമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നത് തീർച്ചയാണ്. വരുംമാസങ്ങളിൽ സ്ഥിതിവിശേഷം കൂടുതൽ രൂക്ഷമാകും. അത് നേരിടുന്നതിന് സംസ്ഥാന സർക്കാർ ദീർഘവീക്ഷണത്തോടെ പരിപാടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കയറ്റുമതിയിലെ ഇടിവ്, നാണ്യവിളകളുടെ വിലത്തകർച്ച, ഐ.ടി., ടൂറിസം രംഗങ്ങളിലെ മുരടിപ്പ്, വായ്പാഞെരുക്കത്തിന്റെ പ്രത്യാഘാതങ്ങൾ എന്നീ നാല് വിധത്തിലാണ് ആഗോളമാന്ദ്യം കേരളത്തെ പ്രതികൂലമായി ബാധിക്കുന്നത്. മത്സ്യം, കയർ തുടങ്ങിയവയുടെ കയറ്റുമതിയിൽ വൻ ഇടിവ് സംഭവിച്ചിരിക്കുന്നു. ഡോളർ വിലയിൽ 37 ശതമാനം ഇടിവുണ്ടായിട്ടുണ്ട്. കശുവണ്ടി കയറ്റുമതിയിലും

വിലയിലും നല്ല അഭിവൃദ്ധിയാണ് വർഷാദ്യം ഉണ്ടായതെങ്കിലും ഒക്ടോബർ മാസത്തോടെ അത് കുറയുകയാണുണ്ടായത്. 2008 ഒക്ടോബറിൽ മുൻവർഷത്തെ അപേക്ഷിച്ച് മൊത്തം സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ തൂക്കത്തിൽ 16 ശതമാനം കുറവും കയറ്റുമതി വരുമാനത്തിൽ 9 ശതമാനം വർദ്ധനവുമുണ്ടായി. അതേസമയം തേയില, ഏലം, കാപ്പി എന്നിവയുടെ കയറ്റുമതി വർദ്ധിച്ചിട്ടുണ്ട്. ആഭ്യന്തര കമ്പോളത്തിൽ വിറ്റഴിക്കപ്പെടുന്ന റബ്ബറിനേയും നാളികേരത്തേയും ആഗോളമാന്ദ്യം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ 142 രൂപയുണ്ടായിരുന്ന റബ്ബറിന്റെ വില നവംബറിൽ 62 രൂപയായി താഴ്ന്നു. ഭക്ഷ്യഎണ്ണയുടെ വില ആഗോളകമ്പോളത്തിൽ കുറഞ്ഞിരിക്കുകയാണ്. വെളിച്ചണ്ണ ഇറക്കുമതിക്ക് നിയന്ത്രണമുണ്ടെങ്കിലും പാമോയിലും സോയാബീനും പോലുള്ള ഭക്ഷ്യ എണ്ണകൾ നിർബ്ബാധം തീരുവയൊന്നുമില്ലാതെ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുക മാത്രമല്ല അവ റേഷൻകടകൾ വഴി സബ്സിഡിയോടെ വിതരണം ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതുമൂലം ഭീതിജനകമായ വിലത്തകർച്ചയാണ് നാളികേര കൃഷിക്കാർ അഭിമുഖീകരിക്കേണ്ടി വരുന്നത്. കേരളത്തിന്റെ ആധുനിക വളർച്ചാ സ്രോതസ്സുകളായ ഐ.ടി.-യേയും ടൂറിസത്തേയും ആഗോളമാന്ദ്യം ബാധിക്കുമെന്നും കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളിൽ 20 ശതമാനം കുറവുണ്ടാകുമെന്നുമാണ് വിലയിരുത്തുന്നത്. 2008 ഏപ്രിൽ-ഒക്ടോബർ മാസങ്ങളിൽ ബാങ്ക് വായ്പ 10.7 ശതമാനമേ വർദ്ധിച്ചിട്ടുള്ളൂ. വ്യാപാരികൾക്കുള്ള ട്രേഡ് വായ്പകൾ വെട്ടിച്ചുരുക്കുന്നത്

കയറ്റുമതിയേയും ഉൽപ്പാദനത്തേയും സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തേയും പ്രതികൂലമായി ബാധിക്കും. പരമ്പരാഗത മേഖലകളിലെ തകർച്ച സംസ്ഥാനത്തെ പാവങ്ങളുടെ നില അതീവ ഗുരുതരമാക്കും. എന്നാൽ സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനത്തിലുണ്ടാകുന്ന ഇടിവിന്റെ തോതിൽ സംസ്ഥാനത്തിന്റെ മൊത്തം വരുമാനം കുറയുകയില്ല. അതിന് കാരണം ഗൾഫിൽനിന്നുമുള്ള വരുമാനമാണ്. സമഗ്രമായ ഒരു സമീപന ത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനുമുള്ള ഒരു പരിപാടിക്ക് രൂപം നൽകുന്നതിന് മുൻകൈയെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും കിട്ടുന്ന നികുതി വിഹിതവും സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനവും കുറയുന്നതിന് സാധ്യതയുള്ളതുകൊണ്ട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമ്പരാഗത മേഖലയിലെ പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനായി റേഷൻ അടക്കമുള്ള സാമൂഹ്യ സുരക്ഷിതത്വ നടപടികൾ ശക്തമാക്കേണ്ടതുണ്ട്. ഇതിന് കേന്ദ്ര സഹായം അത്യാവശ്യമാണ്. പരമ്പരാഗത മേഖലകളിലെ തൊഴിലില്ലാത്തവരെ ലക്ഷ്യ മിട്ടുകൊണ്ട് "ദേശീയതൊഴിലുറപ്പ് പദ്ധതി" വ്യാപകമാക്കുന്നതോടൊപ്പം, ഭക്ഷ്യ സുരക്ഷാ പരിപാടി, സാമൂഹ്യ വനവൽക്കരണം, ശുചിത്വം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ക്യാമ്പെയിൻ രൂപത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സഹായകമായ രൂപത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. പശ്ചാത്തല മേഖലയിൽ റോഡുകൾ, പാലങ്ങൾ, പാർക്കുകൾ, പൊതു കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണ

ത്തിനായി മുതൽമുടക്കാൻ കഴിയണം. ഇതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ വായ്പാ പരിധി അടിയന്തിരമായി ഉയർത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. വിദേശ ഇന്ത്യക്കാരുടെ പ്രത്യേക ഡെപ്പോസിറ്റുകൾ കൂടുതൽ ആകർഷകമാക്കുന്നത് കേരളത്തിലെ വായ്പാ ഞെരുക്കത്തെ ലഘൂകരിക്കാൻ സഹായിക്കും. ബാങ്കുകളുടെ സമീപനത്തിൽ മാറ്റമുണ്ടാകണം. സഹകരകണ മേഖലയെ ശക്തിപ്പെടുത്തണം. സമ്പൂർണ്ണ ഭവന പദ്ധതിക്ക് സഹകരണ മേഖലയിൽനിന്ന് ലഭ്യമാകുന്ന വായ്പ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ നടക്കുന്ന മാതൃകാപരമായൊരു പ്രവർത്തനമാണ്. റബ്ബറിന്റെ ഇറക്കുമതി ഉദാരവൽക്കരിക്കരുത്. മറ്റു ഭക്ഷ്യ എണ്ണകൾക്കു നൽകുന്ന സബ്സിഡി വെളിച്ചെണ്ണയ്ക്കും ലഭ്യമാക്കുകയും ഇറക്കുമതി നിയന്ത്രിക്കുകയും വേണം. പൊതിക്കാത്ത നാളികേരത്തിന് പുതിയ സീസണിൽ അടിയന്തിരമായി താങ്ങുവില പ്രഖ്യാപിക്കണം. മാന്ദ്യകാലമാണെങ്കിലും ആഭ്യന്തര കമ്പോളത്തിന്റെ സാധ്യതയെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്ത് സംസ്ഥാനങ്ങൾ യോജിച്ച നിലപാട് സ്വീകരിക്കുന്നതിനുവേണ്ടി അടിയന്തിരമായി സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗം വിളിച്ച് കൂട്ടണമെന്ന് എംപവേർഡ് കമ്മിറ്റി ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ. എ.സി. മൊയ്തീൻ, വി.എസ്. സുനിൽകുമാർ, തോമസ് ചാഴികാടൻ എന്നീ അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**സബ്മിഷൻ**

(1) ഐ.ടി. മേഖലയിലെ ജീവനക്കാർ

ശ്രീ. വി.എസ്. സുനിൽ കുമാർ: ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ മറവിൽ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ആനുകൂല്യങ്ങൾ നൽകാതെ പിരിച്ചുവിടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്കിൽ തൊഴിൽ നിയമങ്ങളൊന്നും പാലിക്കുന്നില്ല. ഈ രംഗത്ത് നിലനിൽക്കുന്ന അരക്ഷിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനും ഇതിനെക്കുറിച്ച് ഗൗരവമായി പഠിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കണം. ഇൻഡ്യയ്ക്കാകെ മാതൃകയാകുന്ന രൂപത്തിൽ ഈ രംഗവുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം നടത്താൻ കേരള ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മുന്നറിയിപ്പില്ലാതെ പിരിച്ചുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവർത്തനമികവും കാര്യക്ഷമതയും അടിസ്ഥാനമാക്കിയുള്ള മൂല്യ നിർണ്ണയവും തൊഴിൽനഷ്ടവും ഐ.ടി. മേഖലയിൽ കണ്ടുവരുന്നുണ്ട്. തിരുവനന്തപുരത്തെ ടെക്നോ പാർക്കിലെ ഐ.ബി.എസ്. എന്ന കമ്പനിയിൽ നിന്ന് 27 ജീവനക്കാരെ പിരിച്ചുവിട്ടത് കാര്യക്ഷമതയുടെ പേരിലാണെന്നാണ് മാനേജുമെന്റിന്റെ വിശദീകരണം. പിരിച്ചുവിടലിനെതിരെ ജീവനക്കാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ തൊഴിലുറപ്പ് നിയമം അനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ഐ.ടി.

കമ്പനികളുടെ പ്രതിനിധികളുമായി 13-11-2008-ന് പൊതുവായി ചർച്ച ചെയ്യുകയുണ്ടായി. ഐ.ടി.മേഖലയിലെ പൊതുവായ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ളതും തൊഴിൽ വകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി. കമ്പനി പ്രതിനിധികൾ എന്നിവരടങ്ങുന്നതുമായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(2) <u>പിന്നോക്ക വിഭാഗങ്ങൾക്കുള്ള മേൽത്തട്ട് പരിധി</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സാമൂഹ്യ-വിദ്യാഭ്യാസ മേഖല കളിൽ പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള സംവരണത്തിന് പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന മേൽത്തട്ട് പരിധി നാലര ലക്ഷം രൂപയിൽനിന്നും പത്ത് ലക്ഷം രൂപയാക്കി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ.വി.എസ്. അച്ചുതാനന്ദൻ)</u>: കേന്ദ്ര സർക്കാർ 14-10-2008-ൽ വരുത്തിയ നിയമ ഭേദഗതി പ്രകാരം കേന്ദ്ര സർവ്വീസിലുള്ള ഉദ്യോഗ നിയമനത്തിന് പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി നാലര ലക്ഷം രൂപയാക്കി ഉയർത്തി. കേരളത്തിൽ ഇതിന്റെ പരിധി ഉയർത്തുന്നതി നായി നിയമിച്ച ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ 23-11-2008-ന് മേൽത്തട്ട് പരിധി നാലര ലക്ഷമാക്കി ഉയർത്തണമെന്ന നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്. അത് പരിശോധിച്ച് ഉചിതമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(3) <u>ആയുധവേട്ട</u>

<u>ശ്രീ. കെ.പി. മോഹനൻ:</u> കണ്ണൂർ ജില്ലയിൽ ചെറുവാഞ്ചേരിയിലുണ്ടായ ബോംബ് സ്പോടനത്തിൽ രണ്ട് ആർ.എസ്.എസ്. പ്രവർത്തകർ കൊല്ലപ്പെട്ടു. വെള്ളത്തിലിട്ടാൽ പോലും നിർവീര്യമാക്കാൻ കഴിയാത്ത ബോംബുകളാണ് അവിടെ നിർമ്മിക്കുന്നത്. വലിയൊരു സാമൂഹ്യ പ്രശ്നമായി കണ്ടുകൊണ്ട് ഇത് തടയുന്നതിനായി ആധുനിക ഉപകരണങ്ങൾ നൽകി കൂടുതൽ പോലീസുകാരെ നിയോഗിച്ച് ജനങ്ങൾക്ക് സമാധാനം ഉറപ്പു വരുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> 10.11.2008-ന് രാവിലെ കണ്ണൂർ ജില്ലയിലെ കണ്ണവം പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട ചെറുവാഞ്ചേരിയിലെ പമ്പ് ഹൗസിനടുത്തുള്ള കിണറിന്റെ കരയിലുണ്ടായ സ്ഫോടനത്തിൽ പ്രദീപൻ, ദിലീപ് എന്നീ രണ്ട് ആർ.എസ്.എസ്. പ്രവർത്തകർ മരണപ്പെട്ട സംഭവത്തിൽ കണ്ണവം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് കൂത്തുപ്പറമ്പ് സർക്കിൾ ഇൻസപെക്ടർ അന്വേഷണം നടത്തിവരുന്നു. മരണപ്പെട്ട പ്രദീപൻ അസ്ന വധശ്രമ കേസിലെ ആറാം പ്രതിയും ദിലീപ് മറ്റൊരു കേസ്സിലെ പത്താം പ്രതിയുമാണ്. രണ്ടു പ്രതികളും ജാമ്യത്തിൽ കഴിഞ്ഞുവരുകയായിരുന്നു. പ്രസ്തുത സംഭവത്തെത്തുടർന്ന് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി മൂന്ന് ഡിവൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് വ്യാപകമായ റെയ്ഡ് നടത്തിയതിന്റെ ഫലമായി 190 ബോംബുകളും ബോംബുനിർമ്മാണ സാമഗ്രികളും കണ്ടെടുത്തിട്ടുണ്ട്. സ്ഫോടക വസ്തു നിയമപ്രകാരം 11 കേസ്സുകൾ രജിസ്റ്റർ ചെയ്തു. കണ്ടെത്തിയ ബോംബുകൾ നിർവീര്യമാക്കുകയും. സാമ്പിൾ വിശദ

മായ രാസപരിശോധനയ്ക്കയയ്ക്കുകയും ചെയ്തിട്ടുണ്ട്. അതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു

(4) ആർ.ബി.ടി. എസ്റ്റേറ്റ് രജിസ്ട്രേഷൻ നടപടികൾ

ശ്രീമതി ഇ.എസ്. ബിജിമോൾ: പീരുമേടിൽ ആർ.ബി.ടി. തോട്ടങ്ങൾ പോപ്സൺ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തോട്ടം രജിസ്ട്രേഷൻ നടത്തിക്കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പീരുമേട് മേഖലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തോട്ടം കൈമാറ്റത്തെ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പോക്കുവരവ്, രജിസ്ട്രേഷൻ ഇവ നൽകാൻ നിർദ്ദേശം നൽകുകയും അതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിന് ലാന്റ് ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. അതിന്റെ നിയമവശങ്ങൾ പഠിച്ചുവരുകയാണ്. ബാക്കിയുള്ള തോട്ടങ്ങൾ അടിയന്തിരമായി തുറക്കാനും തുറന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വികരിച്ചിട്ടുണ്ട്.

(5) ചെക്ക് ഡാമിന്റെയും പാലത്തിന്റെയും നിർമ്മാണം

ശ്രീ. കെ.എം. മാണി: പാലായിലെ കടപ്പാട്ടൂർ മഹാദേവക്ഷേത്രത്തിനു മുമ്പിലുള്ള മീനച്ചിലാറിന്റെ കുറുകെയുള്ള ചെക്ക് ഡാമിന്റെയും പാലത്തിന്റെയും പണി പൂർത്തിയായിരിക്കുകയാണ്. അവശേഷിക്കുന്ന

അപ്രോച്ച് റോഡിന്റെ പണി എത്രയും വേഗം പൂർത്തിയാക്കി ഗതാഗതയോഗ്യ മാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കോട്ടയം ജില്ലയിൽ പാലാ മുനിസിപ്പാലിറ്റിയിൽപ്പെട്ട കടപ്പാട്ടൂരിൽ ചെക്ക്ഡാമും പാലവും നിർമ്മിക്കുന്നതിന് 13.10.2004-ൽ 1.5 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ട് വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 2.05 കോടി രൂപയ്ക്ക് പ്രവർത്ത നാനുമതി നൽകി. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ കോട്ടയ ത്തിന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മുഴുവൻ തുകയും നൽകാൻ കഴിഞ്ഞില്ല. അതേത്തുടർന്ന് കരാറുകാർ പ്രവൃത്തി നിർത്തി വയ്ക്കുകയും ബിൽ തുക ലഭിക്കാത്തിനാൽ കോടതിയെ സമീപിക്കുകയും ചെയ്തു. ഈ വിഷയം ചർച്ച ചെയത് പരിഹാരം കാണുന്നതിനായി പൊതുമാരാമത്ത് വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ശ്രീ. പി.സി. തോമസ് എം.പി, ശ്രീ. കെ.എം. മാണി, കോട്ടയം ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ പങ്കെടുത്ത ഒരു യോഗം 19.11.2008-ൽ ചേരുകയുണ്ടായി. പതിനായിരക്ക ണക്കിന് അയ്യപ്പ ഭക്തന്മാർക്ക് ഉപകാരപ്രദമാകുന്ന പ്രസ്തുത പാലവും ചെക്ക്ഡാമും യാഥാർത്ഥ്യമാക്കണം എന്നു തന്നെയാണ് സർക്കാരിന്റെ നില പാട്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(6) തോപ്പുവെളിയിൽ നടന്ന കൊലപാതകം

ശ്രീ. കെ.സി. വേണുഗോപാൽ: ആലപ്പുഴ നഗരത്തിൽ ക്വട്ടേഷൻ ഗുണ്ടകളുടെ ആക്രമണത്തിൽ അജിമോൻ എന്ന ചെറുപ്പക്കാരൻ അതിദാരു

ണമായി കൊലചെയ്യപ്പെട്ട സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യണം. ക്വട്ടേഷൻ ഗുണ്ടാ സംഘങ്ങളെ നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന തോപ്പുവെളി അമ്പലമുക്കിനു സമീപം വച്ച് കൊറ്റക്കുളങ്ങര സ്വദേശിയും എറണാകുളം ഐ.സി.ഐ.സി.ഐ ബാങ്ക് ഉദ്യോഗസ്ഥനുമായ അച്ചു എന്നു വിളിക്കുന്ന അജിയേയും കൂട്ടുകാരൻ അഭിലാഷിനേയും 16.11.2008-ന് രാത്രി 11.30-ന് ഷിജിയും കൂട്ടരും വെട്ടിപ്പരിക്കേൽപ്പിച്ചു. ഇരുവരേയും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ പ്രവേശിപ്പിച്ചിരുന്നു. അവിടെ വച്ച് അജി മരണപ്പെട്ടു. ബന്ധുവായ പരമേശ്വരന്റെ മൊഴി പ്രകാരം ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ പ്രതികളെ തിരിച്ചറിയുകയും ഒന്നാം പ്രതിയായ ഷിജിയെ 22-11-2008-ന് അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. മറ്റു പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും ഗുണ്ടാവിളയാട്ടം അമർച്ചചെയ്യുന്നതിനും വേണ്ടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ആലപ്പുഴ ഡിവൈ.എസ്.പി. യുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരികയാണ്. ഇതുകൂടാതെ ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്പെഷ്യൽ മൊബൈൽ പട്രോളിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(7) <u>അത്താണി റെയിൽവേ മേൽപ്പാലം</u>

<u>ശ്രീ. എ.സി. മൊയ്തീൻ:</u> തൃശൂരിലെ അത്താണി റെയിൽവേ മേൽപ്പാലത്തിന്റെ തടസ്സപ്പെട്ടുകിടക്കുന്ന പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് തൃശൂർ മെഡിക്കൽ കോളേജിലേയ്ക്കുള്ള യാത്ര സുഗമമാക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u>: 18-01-2008-ൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ തൃശൂർ ജില്ലയിലെ അത്താണി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പിന്നീട് റെയിൽവേയുടെ പണി കരാറിൽനിന്ന് ഒഴിവാക്കേണ്ടതായി വന്നതിനാൽ ഇതുവരെയും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല. പ്രധാന ചുമതല വഹിക്കുന്ന ഡൽഹിയിലെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായി ചർച്ച നടത്തുന്നതിന് പൊതുമരാമത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ മന്ത്രിയുടേയും പാർലമെന്ററികാര്യ വകുപ്പു മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽചേർന്ന ഉന്നതതല യോഗത്തിൽ പണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ അഡീഷണൽ ഫണ്ട് കൊടുക്കുന്നതിന് ധാരണയായിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റെയിൽവേ അധികൃതരുമായി ചർച്ച നടത്താനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(8) <u>ഭരണങ്ങാനം കേന്ദ്രമാക്കി ടൗൺഷിപ്പ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. പി.സി. ജോർജ്:</u> 2008 ഒക്ടോബർ 12-ാം തീയതി സിസ്റ്റർ അൽഫോൺസാമ്മ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടതോടുകൂടി ഭരണങ്ങാനം ക്രൈസ്തവരുടെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലം കേന്ദ്രമാക്കി ടൗൺഷിപ്പ് രൂപീകരിക്കു

ന്നതിനും ടൂറിസ്റ്റുകൾക്കാവശ്യമായ സാഹചര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): കേരള പഞ്ചായത്തിരാജ് മുനിസിപ്പാലിറ്റീസ് ആക്ടു പ്രകാരം ഠൗൺഷിപ്പ് രൂപീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലെങ്കിലും ഗ്രാമപഞ്ചായത്തിനെ ഠൗൺ പഞ്ചായത്തായോ മുനിസിപ്പാലിറ്റിയായോ മാറ്റാൻ ഗവൺമെന്റിന് അധികാരമുണ്ട്. ആ പ്രദേശത്ത് നടപ്പിലായ നഗരവൽക്കരണ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ അക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ അപ്രകാരമുള്ള നോട്ടിഫിക്കേഷൻ നിലവിലുള്ള ഗ്രാമപഞ്ചായത്തിന്റെ കാലാവധി തീരുന്ന മുറയ്ക്ക് മാത്രമേ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളൂ. ഭരണങ്ങാനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അവിടെ എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിലവിൽ പഞ്ചായത്തിന് അധികാരമുണ്ട്. ഈ കാര്യത്തിൽ പ്രത്യേക സഹായം ആവശ്യമുണ്ടെങ്കിൽ നിയമാനുസൃതം എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(9) നെയ്യാറിലെ ജലം

ശ്രീ. ആർ. സെൽവരാജ്: നെയ്യാറിൽ നിന്നും തമിഴ്നാടിന് വെള്ളം കൊടുക്കുന്നതുമൂലം അതിർത്തി പ്രദേശത്ത് ഉണ്ടായിട്ടുള്ള പ്രശ്നം പരിഹരിക്കുന്നതിനും ഇതൊരു അന്തർ സംസ്ഥാന നദീജല പ്രശ്നമായി ചിത്രീകരിക്കുന്നത് അവസാനിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 12 സ്ക്വയർ കിലോമീറ്റർ വൃഷ്ടി പ്രദേശം തമിഴ്നാടിനുള്ളതാണ് എന്ന വാദഗതി

ഉന്നയിച്ചുകൊണ്ട് നെയ്യാർ അന്തർ സംസ്ഥാന നദീജല പ്രശ്നമാണെന്ന് വരുത്തിത്തീർക്കാനാണ് തമിഴ്നാട് ഗവൺമെന്റ് പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഒരു കാരണവശാലും ഈ വാദഗതി കേരളത്തിന് അംഗീകരിക്കാൻ കഴിയുന്നതല്ല. നെയ്യാറിലെ വെള്ളം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട കേരള നിയമസഭ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ച് കരാർ അയച്ചുകൊടുത്ത് തമിഴ്നാട്ടിൽ നിന്നുള്ള പ്രത്യേക സംഘത്തെ ചർച്ചയ്ക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ട് നിരുത്തരവാദപരമായ നിലപാടാണ് തമിഴ്നാട് ഗവൺമെന്റ് സ്വീകരിച്ചത്. കേരള നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ സ്പിരിറ്റിന് അനുസരിച്ച് പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ തയ്യാറാണ്.

(10) <u>നെൽകൃഷി പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ജോർജ് എം. തോമസ്</u>: കോഴിക്കോട് ജില്ലയിൽ നെൽകൃഷി നഷ്ടമായതിനാൽ കമുക് കൃഷിചെയ്തുവന്നിരുന്ന നെൽപ്പാടങ്ങളിൽ നിന്ന് രോഗം ബാധിച്ചവ വെട്ടിമാറ്റി നെൽകൃഷി പുനരാരംഭിക്കുന്നതിനും, പഴയ നെൽപ്പാടങ്ങളെ വീണ്ടും നെൽപ്പാടങ്ങളാക്കി മാറ്റുന്നതിനും വേണ്ടിവരുന്ന മൂലധന ചെലവ് സർക്കാർ വഹിച്ച് നെൽകൃഷി ലാഭകരമാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>: കേരളത്തിൽ നെൽകൃഷി വ്യാപകമാക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കിവരികയാണ് പുതിയ കൃഷിഭൂമി കണ്ടെത്തുക ദുഷ്ക്കര മായതിനാൽ നഷ്ടപ്പെട്ട നെൽപ്പാടങ്ങൾ വീണ്ടെടുത്ത് മൂന്നാംവിള കൃഷിയും കരകൃഷിയും സാധ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി

'എല്ലാവരും പാടത്തേക്ക്' എന്ന പദ്ധതിക്ക് രൂപം നൽകുകയും അതിന് വമ്പിച്ച ജനപിന്തുണ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 11,500 ഹെക്ടർ സ്ഥലത്ത് വീണ്ടും കൃഷിയിറക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള പരിപാടിക്ക് പ്രോത്സാഹനം ലഭിക്കുന്നുണ്ട്. നശിച്ച കമുകുകൾ വെട്ടിമാറ്റി പാടങ്ങളെ വീണ്ടും നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരാൻ ഹെക്ടറിന് അയ്യായിരം രൂപ നിരക്കിൽ കൃഷിക്കാർക്ക് ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**നിയമനിർമ്മാണകാര്യം**

(1) 2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) പ്രമേയത്തെ പിൻതാങ്ങുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 1994-ൽ കുമാരി മാധുരി പാട്ടീൽ വേഴ്സസ് അഡീഷണൽ കമ്മിഷണർ കേസിൽ ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ശരിയായ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഒരു നടപടിക്രമം ആവിഷ്ക്കരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് സുപ്രീം കോടതി വിധി മുഖേന നിർദ്ദേശിക്കുകയുണ്ടായി. വ്യാജ സമുദായ സർട്ടിഫിക്കറ്റുകൾ നേടി പട്ടികവർഗ്ഗ അവകാശവാദം ഉന്നയിച്ച് എം.ബി.ബി.എസ്. കോഴ്സ് പൂർത്തിയാക്കിയ ഒരു കേസിലാണ് സുപ്രീം കോടതി ഈ നിർദ്ദേശം നൽകിയത്. ഇതുവരെ നിലവിലുണ്ടായിരുന്ന അശാസ്ത്രീയ രീതിമൂലം വ്യാജ സർട്ടിഫിക്കറ്റ് വാങ്ങുകയും അനർഹമായി ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിരുന്നു. ഇതിന്റെ ഭാഗമായിട്ടാണ് സുപ്രീം കോടതിയുടെ പ്രസക്തമായ വിധി പ്രസ്തുത കേസുകമായി ബന്ധപ്പെട്ടുണ്ടായത്.. ഈ വിധിയെത്തുടർന്ന് കേരള സർക്കാർ 1995-ൽ സ്ക്രൂട്ടിണി കമ്മിറ്റി രൂപീകരിച്ചു. ഈ വിഷയത്തിൽ വിശദമായ ഒരു നിയമനിർമ്മാണം ആവശ്യ

മാണെന്ന് കരുതുകയും 1996-ൽ ആക്ട് 11/1996 ആയി ഒരു നിയമം പാസാക്കുകയും ചെയ്തു. . 2002-ൽ ഈ ആക്ടിന്റെ ഭാഗമായി ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം ആക്ടിൽ പറയുന്നപ്രകാരം സ്ക്രൂട്ടിണി കമ്മിറ്റിയും, സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചു. 1995-ൽ രൂപീകരിച്ച സ്ക്രൂട്ടിണി കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങളിൽ പലതും കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. നിയമപ്രകാരം രൂപീകരിച്ച സ്ക്രൂട്ടിണി കമ്മിറ്റിയല്ല അതെന്നതിനാൽ ആ കമ്മിറ്റി എടുത്ത തീരുമാനം ആകട് പ്രകാരം നടപ്പിലാക്കാൻ കഴിയാത്ത ന്യൂനത ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ 1995 മുതൽ 2002 വരെ സ്ക്രൂട്ടിണി കമ്മിറ്റി നടത്തിയ നടപടികൾക്ക് നിയമപ്രകാരം സാധൂകരണം നൽകാൻ നിയമഭേദഗതി വരുത്താൻ നിർബന്ധിക്കപ്പെട്ടതുകൊണ്ടാണ് 2007-ൽ ഓർഡിനൻസ് പുറപ്പെടുവിച്ചത്. അതോടൊപ്പമുള്ള ചില സംഗതികൾകൂടി നിയമ ഭേദഗതിയായി അവതരിപ്പിക്കുന്നുണ്ട്. സ്ക്രൂട്ടിണി കമ്മിറ്റിയുടെ വിധി അന്തിമ തീരുമാനമായിരിക്കുമെന്നും അതിന്മേൽ അപ്പീൽ അനുവദിക്കില്ല എന്നും റിട്ട് ഹർജി മാത്രമാണ് ചോദ്യം ചെയ്യാനുള്ള പോംവഴിയെന്നും സുപ്രീം കോടതി വിധിയിൽ പറയുന്നുണ്ട്. സ്ക്രൂട്ടിണി കമ്മിറ്റിയുടെ വിധിപ്രകാരം വ്യാജ സർട്ടിഫിക്കറ്റുകളാണെന്ന് തെളിയിക്കുന്ന കേസുകളിൽ മുമ്പ് നൽകിവരുന്ന ജാതിസർട്ടിഫിക്കറ്റുകൾ അസാധുവാക്കുന്നതിന് സ്ക്രൂട്ടിണി കമ്മിറ്റിക്ക് അധികാരം നൽകുന്നതാണ് മറ്റൊരു പ്രധാനപ്പെട്ട സംഗതി. പട്ടികജാതിയിൽപ്പെട്ടവർ പട്ടിവർഗ്ഗക്കാരുടെ സർട്ടിഫിക്കറ്റ് സമ്പാദിച്ചാലോ, പട്ടികവർഗ്ഗക്കാർ പട്ടിക ജാതിക്കാരുടെ സർട്ടിഫിക്കറ്റ് സമ്പാദിച്ചാലോ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിരുന്നില്ല. എന്നാൽ ഈ ഭേദഗതി പ്രകാരം ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാം. ഈ നിയമത്തിൽ എക്സ്പെർട്ട് ഏജൻസിയെന്നു പറയു

ന്നത് കിർത്താഡ്സ് ഡയറക്ടറുടെ കീഴിലാണ്. കിർത്താഡ്സ് ഡയറക്ടർ സ്ക്രൂട്ടിണി കമ്മിറ്റി അംഗം കൂടിയായതിനാൽ എക്സ്പെർട്ട് ഏജൻസിയെ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലേക്ക് മാറ്റുന്നതിനാണ് മറ്റൊരു ഭേദഗതി. വ്യാജസർട്ടിഫിക്കറ്റ് കൈവശം വച്ച് ഉദ്യോഗമോ സ്ഥാനമാനങ്ങളോ കൈപ്പറ്റിയവർക്ക് ശക്തമായ നടപടികളാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്.

ശ്രീ. എ.പി. അനിൽകുമാർ. I move that - "This House resolves to disapprove The Kerala (Scheduled Castes and Scheduled Tribes) Regulation of Issue of Community Certificates (Amendment) Ordinance, 2008 (Ordinance No:37 of 2008). ഈ ആക്ടിലെ പ്രധാനപ്പെട്ട ഒരു കാര്യം വ്യാജസർട്ടിഫിക്കറ്റ് നേടുന്ന ആളുകളെ നിയന്ത്രിക്കാനോ കണ്ടെത്താനോ കഴിയുന്ന സാഹചര്യമില്ലെന്നുള്ളതാണ്. എക്സ്പെർട്ട് ഏജൻസിയിലുള്ളത് കിർത്താഡ്സ് ഡയറക്ടർ ആണ്. അത് മാറ്റി ഡെപ്യൂട്ടി ഡയറക്ടർ എന്നാക്കി. കിർത്താഡ്സ് എന്നുപറയുന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ഒരു കമ്മിറ്റിയുടേയും ഡെപ്യൂട്ടി ഡയറക്ടർ മറ്റൊരു കമ്മിറ്റിയുടേയും തലവനായിരിക്കും. എക്സ്പെർട്ട് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചാണ് സ്ക്രൂട്ടിണി കമ്മിറ്റി തീരുമാനമെടുക്കുന്നത്. സ്ക്രൂട്ടിണി കമ്മിറ്റി പരിശോധന നടത്തുന്നത് എക്സ്പെർട്ട് ഏജൻസി എടുക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. എക്സ്പെർട്ട് ഏജൻസിയുടെ മേധാവിയെന്നുപറയുന്നത് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കിർത്താഡ്സാണ്. ഒരു സമുദായ സർട്ടിഫിക്കറ്റ് ചതിവിൽ നേടുമ്പോൾ ഉണ്ടാകുന്ന ശിക്ഷാവിധിയെക്കുറിച്ച് വ്യക്തമായി ഇതിൽ പറയുന്നുണ്ട്.

ബോധപൂർവമല്ലാതെ ഈ സർട്ടിഫിക്കറ്റ് നേടുന്ന ആളുകൾക്ക് ഈ ശിക്ഷ ബാധകമാകുമെന്നുള്ളതുകൊണ്ട് അത്തരം കാര്യങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കണം. പട്ടികവർഗ്ഗ മേഖലയിലുള്ള ഗവേഷണ പഠനങ്ങൾക്കുവേണ്ടി നിയോഗിക്കപ്പെട്ട കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ ഇന്ന് വിപുലമായിരിക്കുകയാണ്. ഒ.ബി.സി.യുമായി ബന്ധപ്പെട്ട കാര്യങ്ങളും കിർത്തഡ്സിൽ നിക്ഷിപ്തമാണ്. പരിമിതമായ ജീവനക്കാരെ വച്ച് പഠനം നടത്തുന്നതും അമിതമായിട്ടുള്ള ജോലി ഭാരവും കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾക്ക് വിഘാതമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. വ്യാജ സർട്ടിഫിക്കറ്റ് നേടി ഉന്നത ഉദ്യോഗങ്ങൾ നേടിയിട്ടുള്ള ധാരാളം കേസുകൾ നിലവിലുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ കാര്യ ത്തിലും നിയമന കാര്യത്തിലും ഭരണഘടനാനുസൃതമായി ലഭിച്ചിട്ടുള്ള അവ കാശങ്ങൾ സംരക്ഷിക്കുന്നതിനും അത് മറ്റ് മേഖലയിലേക്ക് പോകുന്നുണ്ടെ ങ്കിൽ നിയന്ത്രിക്കുന്നതിനും കഴിയുന്ന ഏജൻസിയെന്ന നിലയ്ക്ക് കിർത്താഡ്സിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

<u>ശ്രീ. എം. ഉമ്മർ.</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ നേരത്തെ ഇത് നിയമമാക്കാമായി രുന്നു. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ ത്തിൽപ്പെട്ട ആളുകൾ വില്ലേജാഫീസിലും താലൂക്കാഫീസിലും കയറിയി റങ്ങി നടക്കുന്ന സാഹചര്യമാണുള്ളത്. ഓരോ വർഷവും ഈ സർട്ടിഫിക്കറ്റ് പുതുക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. സൂക്ഷ്മമായ പരിശോ ധനയില്ലാതെ പാസാക്കുന്ന നിയമം പലപ്പോഴും കോടതിയിൽ ചോദ്യം ചെയ്ത് പരാജയപ്പെട്ടുപോകുന്ന സ്ഥിതിവിശേഷമുണ്ട്. അപ്പീൽ പ്രൊവിഷൻ

എടുത്തുകളയുന്നതുകൊണ്ട് ഈ നിയമം വീണ്ടും കോടതിയിൽപ്പോയി ദുർബലപ്പെടാനുള്ള സാഹചര്യമൊഴിവാക്കണം.

ശ്രീ. സി.കെ.പി. പത്മനാഭൻ: 2008-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ മേഖലയിൽ നീക്കിവയ്ക്കുന്ന ഫണ്ട് ഈ രംഗത്ത് ചെയ്തുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സംക്ഷണത്തിന്റേയും ആരോഗ്യ സംരക്ഷണത്തിന്റേയും പുരോഗതിക്കുവേണ്ടി വിനിയോഗിക്കണം. മുൻകാലങ്ങളിൽ ഈ രംഗത്ത് നീക്കിവച്ച ഫണ്ട് ചെവഴിച്ചിരുന്നില്ല. 2006-2007-ൽ 94.42 ശതമാനം ഫണ്ട് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2007-2008-ൽ 97.40 ശതമാനം ചെലവഴിച്ചു. മാതൃകാപരമായ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ഈ വിഭാത്തിൽപ്പെട്ടവർക്ക് മെഡിസിന് സീറ്റു നൽകുന്ന തീരുമാനം ഈ ഗവൺമെന്റിന്റെ കാലത്താണ് ഉണ്ടായത്. പ്രസ്തുത നിയമ നിർമ്മാണത്തിന്റെ ഭാഗമായി സുപ്രീംകോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കൊപ്പം മുന്നോട്ടുപോകാൻ എസ്.സി/എസ്.ടി. വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാർ ആദിവാസി-വന സംരക്ഷണ നിയമം പാസ്സാക്കിയെങ്കിലും അതുനടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എസ്.സി/എസ്.ടി. വിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനും ആദിവാസികൾക്ക് 10 ഏക്കർ വീതം ഭൂമി നൽകുന്നതിനുമായി അഖിലേന്ത്യാടിസ്ഥാനത്തിൽ നിയമം വന്നുവെങ്കിലും അവർക്ക് ഇതുവരെ ഭൂമി കൊടുക്കാൻ സാധിച്ചിട്ടില്ല. പരിമിതമായ തോതിലാണെങ്കിൽപ്പോലും സംസ്ഥാന സർക്കാർ ഇവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനും വീട് കൊടുക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ

ആവിഷ്ക്കരിച്ചു. എസ്.സി/എസ്.ടി. വിഭാഗങ്ങൾ ഇപ്പോൾ ഹാജരാക്കുന്ന ജാതി സർട്ടിഫിക്കറ്റുകൾ അന്തിമമാണെന്ന് പറയാൻ കഴിയുകയില്ല. ഇതു പരിശോധിക്കണം. എസ്.സി/എസ്.ടി. വിഭാഗത്തിന് സർക്കാർ നടപ്പിലാക്കുന്ന ഒട്ടേറെ ആനുകൂല്യങ്ങളും പദ്ധതികളും മുന്നിൽ കണ്ടുകൊണ്ട് പലജാതിക്കാർക്കും എസ്.സി/എസ്.ടി. ലിസ്റ്റിൽപ്പെടാൻ അമിതമായ ആഗ്രഹമുണ്ട്. അത്തരത്തിൽ പലരും വ്യാജ സർട്ടിഫിക്കറ്റുകൾ വാങ്ങുന്നത് സ്ക്രൂട്ടിനി കമ്മിറ്റിക്ക് പരിശോധിക്കാൻ അവസരം ലഭിക്കുകയും കമ്മിറ്റിയുടെ തീരുമാനം അന്തിമമാണെന്നും അതിനെ ചോദ്യം ചെയ്യാൻ കോടതിക്കുപോലും കഴിയുകയില്ല എന്ന നിലപാട് വരുന്നതോടുകൂടി ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ജാതി സർട്ടിഫിക്കറ്റിന് വില്ലേജ് ഓഫീസിൽ നൽകുന്ന അപേക്ഷയോടൊപ്പം ജാതി സംഘടനകൾ ലെറ്റർപാഡിൽ നൽകുന്ന സർട്ടിഫിക്കറ്റുകൂടി ഉണ്ടായിരിക്കണമെന്നാണ് നിലവിലുള്ള നിബന്ധന. പക്ഷെ പലരും ജാതി സംഘടനകളിൽ അംഗങ്ങൾ അല്ലാത്തതുകൊണ്ട് ആദ്യം അതിൽ അംഗത്വം എടുക്കുകയും മുൻകാല കുടിശ്ശിക, വരിസംഖ്യ, പിഴസംഖ്യ എന്നിവ അടയ്ക്കുകയും ചെയ്താൽ മാത്രമേ ജാതി സംഘടനകൾ ലെറ്റർപാഡിൽ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. അതുകൊണ്ട് ജാതി സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റ് തെളിവിനായി സ്വീകരിക്കുന്ന നിലപാട് അവസാനിപ്പിക്കണം. ഒരു മനുഷ്യന്റെ രൂപവും ഭാവവുംനോക്കി എസ്.സി.യാണോ എസ്.ടിയാണോ എന്ന് തീരുമാനിക്കുന്ന കിർത്താഡ്സിന്റെ സമീപനം ശരിയല്ല. ഒരു സമുദായത്തെ സംബന്ധിച്ച് തിരിച്ചറിയാൻ ഇന്ന് ഒട്ടേറെ സംവിധാനങ്ങളുണ്ട്. അതിന് കിർത്താഡ്സ് ഇന്ന് ഒരു വിലങ്ങുതടിയാണ്. നിരവധി കേസുകൾ യഥാസമയം തീർപ്പുകൽപ്പിക്കാൻ കിർത്താഡ്സിന് സാധിക്കുന്നില്ല. കിർത്താഡ്സിന്റെ

പ്രവർത്തനങ്ങൾ പരിഷ്കരിക്കണം. എസ്.ടി. വിഭാഗത്തിൽ ആയിരുന്നവർ പെട്ടെന്ന് അതല്ലാതായി മാറുന്ന സാഹചര്യത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനായി നിലവിലുള്ള ജാതികളെക്കുറിച്ച് പഠനം നടത്തി ഒരു അന്തിമ തീരുമാനത്തിന് സംവിധാനമുണ്ടാക്കണം. കൂടുതൽ വിഭാഗങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനാൽ അംഗസംഖ്യ കൂടുകയാണ്. അതനുസരിച്ച് തൊഴിൽ സംരക്ഷണത്തിന്റേയും സാമ്പത്തിക സംരക്ഷണത്തിന്റേയും വിഹിതത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടുതലായി കാണുന്ന മൊകയ വിഭാഗത്തെ പട്ടികവിഭാഗത്തിൽപ്പെടുത്തണമെന്ന ആവശ്യത്തിന് ഇതുവരെ തീർപ്പു കൽപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികവർഗ്ഗക്കാർ സാമൂഹ്യമായി പിന്നോക്കം പോകുന്നതിനെ സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്താൻ ഗവൺമെന്റ് തയ്യാറാകണം. മുവാരി, മുഖാരി എന്നീ സമുദായങ്ങളെ മറ്റു പല സംസ്ഥാനങ്ങളിലും വിവിധ രൂപത്തിലുള്ള പിന്നോക്കാവസ്ഥ വച്ച് പരിഗണിക്കുന്നുണ്ട്. 'കുലാലയ' വിഭാഗത്തിന് നൽകി വന്നിരുന്ന സാമുദായിക ആനുകൂല്യം പുന:സ്ഥാപിക്കണം. 89-ഓളം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കേരളത്തിലുണ്ട്. ഇനിയും കുറേ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ജാതി സംഘടനകൾക്ക് സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അവകാശം ഒരു തരത്തിലും അംഗീകരിക്കരുത്. റവന്യു അധികാരികൾ ആവശ്യമായ അന്വേഷണം. നടത്തി ജാതി സർട്ടിഫിക്കറ്റ് നൽകണം.

<u>ശ്രീ. കെ. സി. രാജഗോപാലൻ</u>: "2008-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ

(ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ പേരിൽ വ്യാജ സർട്ടിഫിക്കറ്റ് വാങ്ങി അർഹതപ്പെട്ടവരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർക്ക് കർശനമായ ശിക്ഷ നൽകുന്നതിനാണ് പ്രധാനമായും ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്. ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സാമുദായിക സംഘടനകളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഇപ്പോഴത്തെ നിബന്ധന പൂർണ്ണമായും ഒഴിവാക്കണം. കിർത്താഡ്സിന്റെ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. പട്ടികജാതിക്കാർ കൂടുതലുള്ള ജില്ലകളിൽ ജില്ലാതല ഓഫീസുകൾ അനുവദിക്കുകയും കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഒരിക്കൽ മതം മാറി വീണ്ടും പഴയതിയിലേയ്ക്ക് വന്നാൽ സർട്ടിഫിക്കറ്റ് കൊടുക്കാൻ വിസമ്മതിക്കുന്ന അവസ്ഥ മാറണം. ഈ രംഗത്ത് നിലവിലുള്ള നിരവധി പ്രശ്നങ്ങൾക്കും വ്യാജ സർട്ടിഫിക്കറ്റ് വാങ്ങൽ എന്നിവയ്ക്കും പരിഹാരം ഉണ്ടാക്കുന്നതിന് ഈ ഭേദഗതിയിലൂടെ സാധിക്കണം. വ്യാജ ജാതി സർട്ടിഫിക്കറ്റ് വാങ്ങി ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർക്കുള്ള ശിക്ഷ ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുള്ളതിനേക്കാൾ കർക്കശമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിനും വീട് വയ്ക്കാനുള്ള ധനസഹായം 50,000 രൂപയിൽനിന്നും 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ചികിത്സാ സഹായം പൂർണ്ണമായും

ഗവൺമെന്റ് വഹിക്കുന്നതിനും എടുത്തിട്ടുള്ള നടപടിയെ സ്വാഗതം ചെയ്യുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ നിയമം 1996-ൽ അന്നത്തെ പട്ടികജാതി/ പട്ടികവർഗ്ഗ പിന്നോക്ക എക്സൈസ് വകുപ്പുമന്ത്രി ബഹുമാനപ്പെട്ട പന്തളം സുധാകരൻ അവതരിപ്പിച്ചു. അതിനുശേഷം ഈ ബില്ലിന്റെ രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും അവതരിപ്പിച്ചത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ.കെ.എം. മാണി ആയിരുന്നു. അതിനുശേഷമുണ്ടായ വളരെ പ്രസക്ത മായ കാര്യങ്ങൾക്ക് പരിഹാരമായാണ് ഒരു ഭേദഗതി എന്ന രൂപത്തിൽ ഈ ബിൽ ഈ സഭയിൽ നിയമമാക്കാൻ ശ്രമിക്കുന്നത്. ഏഴുക്ലാസും ഒരു വാലിഡേഷൻ ക്ലാസും ഉള്ള ഒരു ഭേദഗതിയാണിത്. ഇവിടെ പറഞ്ഞ കാര്യ ങ്ങളെല്ലാം വളരെ ഗൗരവത്തിൽ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇന്ത്യൻ ഭരണഘടനയിൽ ഷെഡ്യൂൾ ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗ ക്കാർക്ക് മാത്രമേ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കുക യുള്ളൂ. ഒരു വാക്കിലോ സെന്റൻസിലോ വ്യത്യാസം വന്നാൽ സർട്ടിഫി ക്കറ്റ് നിഷേധിക്കപ്പെടും. പെരുവണ്ണാൻ എന്നു പറയുന്നത് എസ്.സി.യിൽ വരുന്നതാണ്. പക്ഷേ ഭരണഘടനയിൽ ഷെഡ്യൂൾ ചെയ്തിട്ടില്ല. ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഭരണഘടന നിലവിൽ വരുന്നതിനുമുമ്പ് അതാതു സംസ്ഥാനങ്ങളിൽ താമസിച്ചു വരുന്ന ഷെഡ്യൂൾഡ് ലിസ്റ്റിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി പട്ടികവർഗ്ഗ സർട്ടിഫി ക്കറ്റിന് അർഹതയുള്ളൂ. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതിനുവേണ്ടിയാണ് കിർത്താഡ്സിനെ നിയോഗിച്ചിട്ടുള്ളത്. മതിയായ സ്റ്റാഫിനെ നിയമിച്ച് കിർത്താഡ്സിന്റെ പ്രവർത്തനം ശക്തിപ്പെടു

ത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. നരവംശശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരും ഉൾക്കൊള്ളുന്ന എക്സ്പെർട്ട് കമ്മിറ്റി എടുക്കുന്ന തീരുമാ നത്തിൻമേൽ പട്ടികജാതി-പട്ടികവർഗ്ഗവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,. ഡയറ ക്ടർ, കിർത്താഡ്സ് ഡയറക്ടർ എന്നിവരടങ്ങിയ അപ്പലേറ്റ് അതോറിറ്റി എടുക്കുന്ന തീരുമാനം ഈ നിയമപ്രകാരം ഫൈനലാണ്. അവർക്ക് അപ്പീൽ ഇല്ലെങ്കിലും റിട്ട് അപ്പീൽ അനുവദിക്കാമെന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. കിർത്താഡ്സിന്റെ അഭിപ്രായം അന്തിമമല്ല. കിർത്താഡ്സിന്റെ ചീഫ് വിപ്പ് എക്സ്പെർട്ട് കമ്മിറ്റിയിലെ അംഗവും സ്റ്റിയറിംഗ് കമ്മിറ്റിയിലെ അംഗവു മാണ്. അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ തന്നെ പരിശോധന കമ്മിറ്റിയുടെ അംഗമാകുന്നത് ഗുണകരമല്ലെന്നുള്ളതുകൊണ്ടാണ് കിർത്താഡ്സിന്റെ ചീഫായി നരവംശശാസ്ത്രജ്ഞനായ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടു ത്തുന്നത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാന ങ്ങളിലും രൂപീകരിച്ചിട്ടുള്ള ഒരു കമ്മിറ്റിയാണ് കിർത്താഡ്സ്. വകുപ്പുതിരിച്ചു ള്ള ചർച്ചാവേളയിൽ കൂടുതൽ വിശദീകരിക്കാം. .

നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതി യോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബിൽ സാമൂഹ്യസേ വനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി രാജേന്ദ്രൻ):</u> 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി രാജേന്ദ്രൻ):</u> 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലോളി മുഹമ്മദ് കുട്ടി</u>): പ്രമേയത്തെ പിന്താങ്ങുന്നു

**ക്രമപ്രശ്നം**

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഈ ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. കടാശ്വാസ കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം അഞ്ചിൽ നിന്നും 7 ആക്കി വർദ്ധിപ്പിക്കുന്നതിനാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന ചെലവ് വ്യക്തമായി പറയണം. ഈ നിയമം നടപ്പിലാക്കുമ്പോൾ ആവർത്തന ചെലവ് 20 ലക്ഷം രൂപയും അനാവർത്തന ചെലവ് 8 ലക്ഷം രൂപയുമാകും. ഈ 8 ലക്ഷം രൂപ എന്തിനൊക്കെവേണ്ടി ചെലവാക്കുന്നു എന്ന കാര്യം ഗവൺമെന്റ് വ്യക്തമാക്കണം. ഈ ബില്ലിലെ ഫൈനാൻഷ്യൽ മെമ്മോറാണ്ടം തിരുത്തി ബുള്ളറ്റിൻ

ഇറക്കാനുള്ള നിർദ്ദേശം നൽകണം. ഇത് സപ്ലിമെന്ററി ഗ്രാന്റായാണ് വരേണ്ടത്. ബില്ലിന്റെ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കൊണ്ടുവന്നത് ശരിയല്ല. അതു സംബന്ധിച്ച് റൂളിംഗുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): കടാശ്വാസ കമ്മീഷന്റെ അംഗസംഖ്യ അഞ്ച് എന്നത് 7 ആക്കി വർദ്ധിപ്പിച്ചതിന്റെ ചെലവാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. രണ്ട് അംഗങ്ങൾ കൂടുതലായി വരുമ്പോൾ ആവർത്തന ചെലവായി 20 ലക്ഷം രൂപയും അനാവർത്തന ചെലവായി 8 ലക്ഷം രൂപയും അധികമായി വേണ്ടി വരും. ധനകാര്യ മെമ്മോറാണ്ടത്തിൽ ഒരു അവ്യക്തത യുമില്ല.

**റൂളിംഗ്**

മി. സ്പീക്കർ: ധനകാര്യമെമ്മോറാണ്ടം ബില്ലിൽ ചേർത്തിട്ടുണ്ട്. പക്ഷേ കുറച്ചു കൂടി ആക്കുറസിയുണ്ടാകേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരള കർഷക കടാശ്വാസ കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന പൊതു വായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ട് അംഗങ്ങളെക്കൂടി ഉൾപ്പെ ടുത്തുന്നതിനുള്ള ഓർഡിനൻസ് കൊണ്ടുവന്നത്. കമ്മീഷൻ ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കമ്മീഷൻ വയനാട്, ഇടുക്കി, ആലപ്പുഴ, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളെ സംബന്ധിച്ച് സമർപ്പിച്ച ശുപാർശ കൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ കർഷകരുടെ 25,000 രൂപവരെയുള്ള കാർഷിക കടങ്ങൾ ഏറ്റെടുക്കാനാണ് സർക്കാർ തീരുമാനിച്ചി ട്ടുള്ളത്. കമ്മീഷൻ വിവിധ ജില്ലകളെ സംബന്ധിച്ച് അവാർഡുകൾ പ്രഖ്യാ പിച്ചിട്ടുണ്ട്. 31-10-2008 വരെ കമ്മീഷന് ലഭിച്ച നാലു ലക്ഷത്തിൽപ്പരം

അപേക്ഷകളിൽ പകുതിയെങ്കിലും കേന്ദ്ര കടാശ്വാസ പദ്ധതിയുടെ പരിധിയിൽ വരുന്നതാണെന്ന് കണക്കാക്കുന്നു. ബാക്കി അപേക്ഷകളിൽ കൂടുതലും കാർഷികേതര വായ്പകളെ സംബന്ധിച്ചാണ്. കടാശ്വാസം അനുവദിക്കുന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. കമ്മീഷൻ സമർപ്പിച്ച നിർദ്ദേശങ്ങളിൻമേലും ശുപാർശകളിൻമേലും ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരണത്തിലൂടെ കർഷകരിൽനിന്ന് നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. കർഷകരുടെ അപേക്ഷകളിൻമേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. സാമ്പത്തികമായി കർഷകരെ സഹായിക്കുന്നതിനും കടബാദ്ധ്യതയിൽനിന്ന് സംരക്ഷിക്കുന്നതിനും കഴിയുന്ന വിധത്തിലുള്ള നടപടികളാണ് കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ കർഷകർക്ക് ഉറപ്പുവരുത്താനും കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനുമാണ് രണ്ട് കർഷക പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്.

Shri. K.C. Joseph : I move that “This House resolves to disapprove The Kerala Farmers’ Debt Relief Commission (Amendment) Ordinance, 2008 (Ordinance No.35 of 2008). 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷനിൽ ഉണ്ടായിരുന്ന 5 പ്രതിനിധികളിൽ ചെയർമാൻ ഒഴികെ ബാക്കി നാലു പേരും ഭരണകക്ഷിയിൽപ്പെട്ടവരാണ്. ഇപ്പോൾ രണ്ട് പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കർഷക പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.. കർഷക കടാശ്വാസ കമ്മീഷന്റെ സദുദ്ദേശത്തെ ബഹു

മാനിക്കുന്നു. കേരളത്തിൽ കാർഷിക മേഖലയിൽ ആശ്വാസം പകരാനുള്ള നിയമനിർമ്മാണം ആവശ്യമാണ്. എന്നാൽ കർഷക കടാശ്വാസ കമ്മീഷന്റെ തീർപ്പിൻമേലോ പ്രധാനപ്പെട്ട ശുപാർശകളിൻമേലോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് കടാശ്വാസ പദ്ധതി പ്രകാരം ഏതാണ്ട് 800 കോടി രൂപ നൽകുകയുണ്ടായി. 2007-08 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ആനുകൂല്യം നൽകുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് മാറ്റിവച്ച 129.5 കോടി രൂപ മുഴുവൻ ലാപ്സായി. ഈ ബിൽ സഭയിൽ കൊണ്ടുവരാതെ 5 പ്രാവശ്യം ഓർഡിനൻസ് ഇറക്കേണ്ടി വന്നത് വലിയ വീഴ്ചയാണ്. കുട്ടനാട് ഉല്പാദിപ്പിച്ച നെല്ല് സംഭരിക്കാൻ കഴിയാത്തതിനാൽ കൃഷിക്കാർ സമരത്തിലാണ്. വയനാട്ടിൽ പ്രഖ്യാപിച്ച കർഷക പാക്കേജിനു പുറമെ കർഷക കടാശ്വാസ കമ്മിഷന്റെ ശുപാർശ അനുസരിച്ച് ഒരു ആനുകൂല്യവും കൊടുത്തിട്ടില്ല. വയനാട് ജില്ലയിലെ കർഷകരുടെ 25,000 രൂപവരെയുള്ള കാർഷിക കടങ്ങൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഇതുവരെ പണം കിട്ടിയിട്ടില്ല. അതേസമയം കേന്ദ്ര ഗവൺമെന്റ് കടാശ്വാസ പദ്ധതിയനുസരിച്ച് 800 കോടിയോളം രൂപ കൊടുത്തു. കമ്മീഷന്റെ പ്രാതിനിധ്യം വർദ്ധിപ്പിച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരമാകുകയില്ല. ഈ സാമ്പത്തിക വർഷമെങ്കിലും കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ.എം. മാണി: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരള കർഷക കടാശ്വാസ കമ്മീഷൻ അംഗങ്ങളുടെ എണ്ണം 7 ആക്കി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഈ ബിൽ നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കുന്നതിന് പകരം ഓർഡിനൻസുകൾ പുറപ്പെടുവിച്ചത് നിയമത്തേയും ഭരണഘടനയേയും ദുരുപയോഗം

ചെയ്യലാണ്. ഇത് മാതൃകാപരമായ ഒരു നിയമമല്ല. വായ്പകൾക്കുള്ള കൂടിയ പലിശയും ഉല്പന്നങ്ങൾക്കുണ്ടായ വിലയിടിവുംമൂലം കടങ്ങൾ തിരിച്ചടയ്ക്കാൻ കർഷകർക്ക് കഴിയുന്നില്ല. കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ ജനങ്ങൾക്ക് ഈ ബിൽകൊണ്ട് യാതൊരു പ്രയോജനവുമില്ല. കമ്മീഷനെ നോക്കുകുത്തിയാക്കിയിരിക്കുകയാണെന്ന് അംഗങ്ങൾക്കു തന്നെ പറയേണ്ടി വന്നു. ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരസ്പര വിരുദ്ധമായ അഭിപ്രായങ്ങളാണ് സർക്കാരും കമ്മീഷനും പറയുന്നത്. ഒരേ സമയത്ത് പരസ്പരവിരുദ്ധമായ രണ്ടുകാര്യങ്ങൾ നിലനിൽക്കാത്തതു കൊണ്ട് കമ്മീഷനെ പിരിച്ചുവിടാനുള്ള ബില്ലാണ് കൊണ്ടുവരേണ്ടത്. കേരള ത്തിലെ കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ കേന്ദ്ര ഗവൺമെന്റ് **2500** കോടി രൂപ അനുവദിച്ചിട്ടും അവശേഷിക്കുന്ന തുച്ഛമായ തുക കൊടുക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചില്ല. പലിശയടച്ച് പുതുക്കിയ കടങ്ങൾ എഴുതിത്തള്ളേണ്ടതിന്റെ നിയമപരവും ധാർമ്മികവുമായുള്ള ബാധ്യതയും കാർഷികേതര കടങ്ങൾ എഴുതിത്തള്ളേണ്ടതും സംസ്ഥാന സർക്കാരാണ്. ശതശതമാനം കേരളീയം പദ്ധതി നടപ്പിലാക്കിയതുമൂലമാണ് കേന്ദ്രത്തിൽ നിന്ന് കൂടുതൽ തുക ലഭിക്കാതെ പോയത്. കേന്ദ്ര ഗവൺമെന്റ് കാർഷിക മേഖലയിൽ ഭാഗികമായി ആശ്വാസം നൽകിയപ്പോഴും അതിൽ ചെറിയൊരംശം പോലും നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകാത്ത തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പല പദ്ധതികളും സംസ്ഥാന സർക്കാരിന് നഷ്ടപ്പെടുകയും ചെയ്തു.

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:</u> 2008-ലെ കേരള കർഷക കടാശ്വാസ കമ്മിഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാർഷിക കടാശ്വാസ കമ്മീഷനിൽ രണ്ട് അംഗങ്ങളെക്കൂടി ചേർക്കാനുള്ള ഈ നിയമം പാസ്സാക്കണം. കാർഷിക കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട് അതിന്റെ മൂലനിയമം പാസ്സാക്കുന്ന സന്ദർഭം വരെയുള്ള കാർഷിക പശ്ചാത്തലം വിസ്മരിച്ചുകൊണ്ടാണ് പ്രതിപക്ഷ മെമ്പർമാർ സംസാരിക്കുന്നത്. യു.ഡി.എഫ്. ഭരണ കാലത്ത് സംസ്ഥാനത്ത് ധാരാളം കർഷകർ ആത്മഹത്യ ചെയ്തിരുന്നുവെങ്കിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ ധാരാളം ആനുകൂല്യങ്ങൾ നൽകിയതിനെത്തുടർന്ന് കർഷക ആത്മഹത്യ ഇല്ലാതായി. ഒരേക്കറിന് താഴെ ഭൂമിയുള്ള എല്ലാ കർഷകർക്കും ആനുകൂല്യം നൽകി. വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് **50000** രൂപ വീതം ധനസഹായം കൊടുത്തു. ബാങ്കുകളിലുള്ള ഇവരുടെ കടങ്ങൾ സർക്കാർ തിരിച്ചടച്ച് അവരുടെ ഡോക്യുമെന്റ്സ് തിരികെ കൊടുപ്പിച്ചു. ചില ജില്ലകളെ ദുരിതബാധിത ജില്ലകളായും ചില വിളകളെ ദുരിത ബാധിത വിളകളായും പ്രഖ്യാപിച്ചു. കേന്ദ്രഗവൺമെന്റ് പദ്ധതി അനുസരിച്ചുള്ള ആനുകൂല്യം അർഹതപ്പെട്ട എല്ലാ കർഷകർക്കും ലഭിച്ചില്ല. കാർഷിക വായ്പ തിരിച്ചടച്ചവർക്കും ആനുകൂല്യം കൊടുക്കുമെന്ന സമീപനം സ്വീകരിക്കാമായിരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും ആനുകൂല്യം നേടിയെടുക്കുന്നതിൽ യു.ഡി.എഫ്. ഗവൺമെന്റ് ദയനീയ പരാജയമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം

കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിന് പലിശരഹിത വായ്പ നൽകുകയും ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഒട്ടേറെ നടപടികൾ സ്വീകരിക്കുകയും ചെയ്തു. നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് ഏഴ് രൂപ ആയിരുന്നത് പതിനൊന്ന് രൂപയാക്കി വർദ്ധിപ്പിച്ചു. നെൽവയൽ സംരക്ഷണ നിയമം കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. കാർഷിക വരുമാനം 15,539 കോടി രൂപയായി വർദ്ധിച്ചു. നെല്ലുൽപാദനത്തിന് ഒരു ഹെക്ടറിന് 1850 രൂപയും തരിശ്ശ് ഭൂമിക്ക് അയ്യായിരം രൂപ വരെയും നൽകി. ഈ ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടൽമൂലം കർഷകരെ ആത്മഹത്യയിൽനിന്ന് രക്ഷിക്കാനും അവർക്ക് സുരക്ഷിതത്വബോധം ഉറപ്പാക്കാനും സാധിച്ചു. നിലവിലുള്ള കമ്മീഷന് സഹകരണ ബാങ്കുകളിലും ചെറിയ ധനകാര്യ സ്ഥാപനങ്ങളിലും മാത്രമേ ഇടപെടാൻ സാധിക്കുകയുള്ളൂ എന്ന പരിമിതിയുള്ളതുകൊണ്ട് വാണി ജ്യബാങ്കുകളിലും ഇടപെടാൻ കഴിയത്തക്ക വിധത്തിലുള്ള കമ്മീഷൻ രൂപീ കരിച്ചാൽ കൃഷിക്കാർക്ക് അതിന്റെ പ്രയോജനം കിട്ടും. കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കണമെങ്കിൽ അവർ എടുത്തിട്ടുള്ള കടവും പലിശയും എഴുതിത്തള്ളിയാൽ മാത്രം പോരാ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും കിട്ടണം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണമെങ്കിൽ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. രാസവളത്തിനും കീടനാശിനിക്കും സബ്സിഡി നൽകുന്നതൊടൊപ്പം ഉൽപ്പന്നങ്ങൾ സംഭരിക്കാനാവശ്യമായ വെയർഹൗസിംഗ് സംവിധാനമുണ്ടാകണം. കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കർഷകർക്ക്

ആനുകൂല്യം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ കർഷക കടാശ്വാസ കമ്മീഷൻ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ: 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഗവൺമെന്റ് കർഷകരിലുണ്ടാക്കിയ ആത്മവിശ്വാസം കൊണ്ട് കർഷക ആത്മഹത്യ ഇല്ലാതായി. വയനാട് ജില്ലയിലെ 15000 കർഷകർക്ക് അവർ പണയപ്പെടുത്തിയിരുന്ന ആധാരങ്ങൾ തിരിച്ചുകൊടുത്തു. ആത്മഹത്യ ചെയ്ത കർഷകർക്കുള്ള പാക്കേജ് പ്രഖ്യാപിക്കുമ്പോൾ കണ്ണൂർ, ആലപ്പുഴ ജില്ലകളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. കഴിഞ്ഞ ഗവൺമെന്റിന് ക്രിയേറ്റീവായി കാർഷിക മേഖലയിൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ധാരാളം പ്രഖ്യാപനങ്ങൾ നടത്തുകയാണ്. പാലക്കാട് ജില്ലയിൽ നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് മാതൃകാപരമായ നടപടികളാണ് സ്വീകരിച്ചത്. നെൽക്കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുമ്പോൾ കൃഷിക്കാർ കൂടുതലായി കാർഷിക മേഖലയിലേയ്ക്ക് കടന്നുവരികയും കാർഷിക പുരോഗതി ഉണ്ടാവുകയും ചെയ്യും. കർഷക കടാശ്വാസ കമ്മീഷന്റെ രൂപീകരണം രാജ്യത്തിനുതന്നെ മാതൃകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഏതു കമ്മീഷൻ വന്നാലും കേരളത്തിലെ കർഷകർ ഇന്നും ദുരിതമനുഭവിക്കുകയാണ്. കേരളത്തിലെ കർഷക കടാശ്വാസ കമ്മീഷൻ കുറേ കാര്യങ്ങൾ ചെയ്തു തീർത്തു എന്നു പറയുന്നത് ശരിയല്ല. 19-03-2007-ന് കേരള ഗവൺമെന്റ് ഒരു

വിജ്ഞാപനത്തിലൂടെ കർഷക കടാശ്വാസ കമ്മീഷനെ നിയമിച്ചുവെങ്കിലും അവർക്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്റ്റാഫോ മറ്റ് സൗകര്യങ്ങളോ കൊടുക്കാത്തതുകൊണ്ട് കമ്മീഷന് ലഭിച്ച നിരവധി അപേക്ഷകളിൻമേൽ നടപടി എടുക്കാൻ സാധിച്ചിട്ടില്ല. കേരളത്തിന്റെ പൊതുവികാരം കണക്കിലെടുത്താണ് കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം ഏഴാക്കി വർദ്ധിപ്പിച്ചത്. കേരള കർഷക കടാശ്വാസ കമ്മീഷൻ എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പാകാതെ പോയത് കർഷക കടാശ്വാസം കൊടുക്കാനുള്ള അധികാരമില്ലാത്തതുകൊണ്ടാണ്. റെക്കമെൻഡേറ്ററി പവേഴ്സ് മാത്രമേ കമ്മീഷനുള്ളൂ. ഏക്കറിന് 26,000 രൂപ വച്ച് പലിശരഹിത വായ്പ കൊടുക്കുന്ന പദ്ധതിയുണ്ടെന്ന് കർഷകരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയിട്ട് ജില്ലാ ബാങ്കിൽനിന്നും കൊടുത്തത് കേവലം 8 കോടി രൂപ മാത്രമാണ്. അതുകൊണ്ട് കേരളത്തിലെ കർഷകർക്ക് ഒരു പ്രയോജനവുമുണ്ടായില്ല. പാലക്കാട് ജില്ലയിൽ മാത്രം 60000 ഏക്കർ സ്ഥലത്ത് നെൽകൃഷിയുണ്ട്. ഈ പദ്ധതി പ്രകാരം എത്ര ഏക്കർ സ്ഥലത്തിന് പലിശരഹിത വായ്പ നൽകിയെന്ന് വ്യക്തമാക്കണം. യു.പി.എ. ഗവൺമെന്റ് 71,000 കോടി രൂപ ഇൻഡ്യയിലെ പാവപ്പെട്ട കർഷകർക്ക് കൊടുത്തപ്പോൾ അത് ഇടതുപക്ഷത്തിന്റെ സമ്മർദ്ദം കൊണ്ടാണ് കൊടുത്തത് എന്നാണ് പറയുന്നത്. ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന കർഷകരെ രക്ഷിക്കാനുള്ള നടപടിയുണ്ടാകണം. കർഷകർക്ക് നഷ്ടമായ 200 കോടി രൂപയ്ക്കു തുല്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി കേരളത്തിലെ കർഷകരെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാർഷിക കടാശ്വാസ കമ്മീഷൻ നല്ല രീതിയിൽ പ്രവർത്തിക്കണം. കിട്ടിയ അപേക്ഷകൾ പ്രോസസ്സ്

ചെയ്തു വരുമ്പോൾ ഒരുപാട് സമയമെടുക്കും. കമ്മീഷനിൽ രണ്ട് കർഷക പ്രതിനിധികൾ വേണം. അതിൽ ഒരാൾ പ്രതിപക്ഷ കക്ഷിയിൽപ്പെട്ട ആളാകണം. കർഷകരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും മനസ്സിലാക്കുന്നവരുമാണ് കമ്മീഷനിലുളളത്. 31.10.08 വരെ 335762 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കമ്മീഷൻ സ്വമേധയാ നൽകിയ ചില നിർദ്ദേശങ്ങളും ശുപാർശകളും ഗവൺമെന്റ് കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കും. ഒക്ടോബർ 31 വരെ 13758 അപേക്ഷകൾ തീർപ്പാക്കിക്കഴിഞ്ഞു. 25,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിതള്ളുന്നതിലേയ്ക്കായി 14 കോടി 42 ലക്ഷം രൂപ നൽകുകയുണ്ടായി. 17553 കർഷകർക്ക് വയനാട് ജില്ലയിൽ സഹായം നൽകി. കൃഷിക്കാർക്ക് മാക്സിമം സഹായം കൊടുക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മാസങ്ങൾക്കുള്ളിൽത്തന്നെ ഇത്രയും ചരിത്രപ്രാധാന്യമുള്ള ഒരു നിയമനിർമ്മാണത്തിന് കഴിഞ്ഞുവെന്നത് അഭിമാനിക്കാവുന്നതാണ്. നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ, കൃഷിക്കാർക്ക് നാല് ശതമാനം പലിശയ്ക്ക് വായ്പ, നെല്ലിന്റെ സംഭരണ വില 7 രൂപയിൽ നിന്നും 11 രൂപയാക്കി ഉയർത്തിയത്, ഒരു ഹെക്ടർ കൃഷിഭൂമിക്ക് 5,000 രൂപയിൽ നിന്നും 10,000 രൂപയായി ധനസഹായം ഉയർത്താനുള്ള പദ്ധതി തുടങ്ങി നെൽകൃഷി മേഖലയിലെ കൃഷിക്കാർക്ക് ആശ്വാസം നൽകാൻ വളരെയധികം നടപടികൾ സ്വീകരിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിൽ രണ്ട് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതുകൊണ്ട് കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമായിട്ടുണ്ട്.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

**അറിയിപ്പ്**

മി. സ്പീക്കർ: ഇന്ന് ചേർന്ന കാര്യോപദേശക സമിതിയുടെ തീരുമാനമനുസരിച്ച് 2008 നവംബർ മാസം 28-ാം തീയതി സഭ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന 2008-ലെ കേരള തയ്യൽത്തൊഴിലാളി (ഭേദഗതി) ബിൽ, 2008-ലെ രജിസ്ട്രേഷൻ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധനം (ഭേദഗതി) ബിൽ, 2008-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ എന്നിവയ്ക്ക് നാളെ രാവിലെ 11.00 മണിവരെ ഭേദഗതി നൽകാവുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു.

(3) 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിൻതാങ്ങുന്നു.

**ക്രമപ്രശ്നം**

ശ്രീ. കെ.സി. ജോസഫ്: രണ്ട് ഒബ്ജക്ഷനാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത് കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നുമാണ് ക്ഷേമനിധി പെൻഷൻ നൽകുന്നത് എന്നതിനാൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരികയും ചെയ്താലും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചെലവുണ്ടാകുന്നതല്ല എന്നാണ്. ഈ ബില്ലിന്റെ മൂലനിയമത്തിന്റെ 6-ാം വകുപ്പ് (4-ാം) ഉപവകുപ്പിൽ പറയുന്നത് തൊഴിലാളികൾ നൽകുന്ന അംശദായത്തിന്റെ ഇരട്ടി തുക ഗവൺമെന്റ് കൊടുക്കുമെന്നാണ്. ഇപ്പോൾ തൊഴിലാളികളുടെ പെൻഷൻ പ്രായം 60 വയസ്സ് എന്നുള്ളത് 58 വയസ്സായി ചുരുക്കുമ്പോൾ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കും. അപ്പോൾ ഗവൺമെന്റ് നൽകേണ്ട കോൺട്രിബ്യൂഷൻ തുകയും വർദ്ധിക്കും. അതുകാണാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും

തുകയൊന്നും ആവശ്യമില്ല എന്നുപറയുന്നത് ശരിയല്ല. കൈത്തറിത്തൊഴിലാളിക്ക് 58 വയസ്സിൽ പെൻഷൻ കൊടുത്താൽ പിന്നെ രണ്ടുകൊല്ലം ആ തൊഴിലാളിക്ക് ശമ്പളം കിട്ടുമോ, പെൻഷൻ കിട്ടുമോ, രണ്ടും കൂടി ഒന്നിച്ച് കിട്ടുമോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ രണ്ടു കാര്യങ്ങളും വ്യക്തമാക്കാതെ ബിൽ അവതരിപ്പിക്കുന്നത് ശരിയല്ല.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഈ പ്രശ്നങ്ങളെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോടതിയിൽ പോയതും ചർച്ച ചെയ്യപ്പെട്ടതുമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള ഒരു നിയമനിർമ്മാണമാണ് ഇവിടെ നടത്തിയിരിക്കുന്നത്. കേരളത്തിലെ കൈത്തറി സ്ഥാപനങ്ങളിൽ ഏറിയകൂറും റിട്ടയർമെന്റ് പ്രായം 58 വയസ്സാണ്. നമ്മൾ ക്ഷേമനിധി രപീകരിച്ചപ്പോൾ 60 വയസ്സായിരുന്നു. പെൻഷൻ ലഭിക്കുന്നതിന് 60 വയസ്സുവരെ കാത്തിരിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി പുതിയ ഭേദഗതിയനുസരിച്ച് റിട്ടയർമെന്റ് പ്രായം 58 ആക്കുകയാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ നിന്നും ഈ ഭേദഗതി മുഖേന സഞ്ചിത നിധിയിൽ നിന്നും അധികചെലവ് ഉണ്ടാകുമെന്ന് കരുതുന്നില്ല. ഈ ബില്ലിന്റെ വ്യവസ്ഥയിൽ അവ്യക്തത ഉണ്ടെങ്കിൽ അത് സ്ബ്ജക്ട് കമ്മിറ്റിയുടെ പരിശോധന സമയത്തോ വകുപ്പുതിരിച്ചുള്ള ചർച്ചാവേളയിലോ ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്.

Shri. Aryadan Muhammed : I move that This House resolves to disapprove The Kerala Handloom Workers' Welfare Fund (Amendment) Ordinance, 2008 (Ordinance No.24 of 2008). ഈ ബില്ലിനകത്തെ പ്രധാനപ്പെട്ട കാര്യം ക്ളാസ് 2-ൽ സെക്ഷൻ 3-ലെ 60 വയസ്സ് എന്നുള്ളത് 58 ആക്കി ചുരുക്കിയതാണ്. കേരളത്തിലെ സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചാൽ ലൈഫ് ടൈം കൂടുതലാണ്. അതുകൊണ്ട് കൈത്തറിത്തൊഴിലാളികളുടെ സർവ്വീസ് 60 വയസ്സുവരെ തുടരാനുള്ള ഭേദഗതിയാണ് വേണ്ടത്. കൈത്തറി മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും 60 വയസ്സുവരെ ജോലിചെയ്യാനുള്ള അവകാശം നൽകുന്ന ഒരു നിയമമാണ് ആവശ്യമായിട്ടുള്ളത്. '58 വയസ്സിൽ വിരമിക്കേണ്ടിവന്ന കൈത്തറി തൊഴിലാളികൾക്കും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതും എന്നാൽ അവർക്ക് പെൻഷൻ കുടിശ്ശികയ്ക്ക് അർഹത ഇല്ലാതിരിക്കുന്നതുമാണ്.' എന്നു പറയുന്നത് ശരിയല്ല. തൊഴിലാളികളുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടണം. പല പ്രാവശ്യം ഓർഡിനൻസ് ഇറക്കിയതിനുശേഷം ഇത്രയും വൈകി ഇങ്ങനെയൊരു നിയമം സഭയിൽ അവതരിപ്പിച്ചതിനുള്ള കാരണം വ്യക്തമാക്കണം.

ശ്രീ. എ. സി. മൊയ്തീൻ: 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2008-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു ലക്ഷത്തിലധികം തൊഴിലാളികൾ കൈത്തറി മേഖലയിൽ പണിയെടുക്കുന്നുണ്ട്. സഹകരണ സംഘങ്ങളെ ആധാരമാക്കിയാണ് എഴുപത് ശതമാനത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നത്. അത്തരം

തൊഴിലാളികൾക്ക് കൂടി ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന നിയമം സ്വാഗതാർഹമാണ്. സ്വകാര്യ സ്ഥാപനങ്ങൾ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യാത്തതുകൊണ്ട് അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയാത്ത സ്ഥിതി നിലവിലുണ്ട്. പരമ്പരാഗത വ്യവസായത്തിന്റെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി കൈത്തറിത്തുണികൾക്ക് ഉൽസവകാല ങ്ങളിൽ റിബേറ്റ് അനുവദിക്കുകയും പ്രസ്തുത മേഖലയിൽ പുത്തനുണർവ്വുണ്ടാവുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിലെ മുതലാളിമാരെ ആശ്രയിക്കാതെ ഹാംഗ് യാൺ കേരളത്തിലെ സഹകരണ മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്യുന്ന സ്ഥിതിയുണ്ടാകണം. കൈത്തറി രംഗത്ത് നിലനിൽക്കുന്ന പ്രശ്ന ങ്ങൾക്ക് പരിഹാരം കാണണം. കൈത്തറിത്തൊഴിലാളി ക്ഷേമനിധിയി ലേയ്ക്കുള്ള ഗവൺമെന്റ് വിഹിതം വർദ്ധിപ്പിക്കണം. കാർഷിക മേഖലയ്ക്ക് നൽകുന്നതുപോലെ പലിശരഹിത വായ്പ കൈത്തറി മേഖലയിലും ആവിഷ്ക്കരിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾക്ക് 58 വയസ്സാകുമ്പോൾ പെൻഷൻ ഏർപ്പെടുത്തണമെന്നുള്ളതാണ് ഈ നിയമ നിർമ്മാണം കൊണ്ടുദ്ദേശിക്കുന്നത്. . ആരോഗ്യമുള്ളിടത്തോളം കാലം ജോലിചെയ്യാൻ അനുവദിക്കുകയും 58 വയസ്സിൽ പെൻഷൻ നൽകുകയും ചെയ്യുന്ന രീതിയിലുള്ള ഒരു ഭേദഗതി കൊണ്ടുവരണം.

കൈത്തറിത്തൊഴിലാളികൾ ദാരിദ്ര്യത്തിന്റെ പടുകുഴിയിലാണ് കഴിയുന്നത്. കൈത്തറി വികസനത്തിനുവേണ്ടി റിബേറ്റിനത്തിൽ ചെലവഴിക്കുന്ന പണ മൊന്നും പാവപ്പെട്ട തൊഴിലാളികളിലേയ്ക്ക് എത്തുന്നില്ല. അസംസ്ക്കൃത വസ്തുക്കകൾക്കുളള റിബേറ്റ് നിർത്തലാക്കുകയും പ്രസ്തുത തുക സബ്സിഡിയായി അനുവദിക്കുകയും ചെയ്യണം. കൈത്തറി മേഖലയുടെ രക്ഷയ്ക്കായി സ്ഥാപിച്ച 'ഹാന്റക്സ്', 'ഹാൻവീവ്' എന്നിവ തികഞ്ഞ പരാജയമാണ്. 'തനിമ', 'പ്രതിഭ' പദ്ധതികളൊന്നും കൈത്തറി തൊഴിലാളി യുടെ ജീവിതത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. സ്കൂളുകളിൽ നടപ്പിലാക്കിയ കൈത്തറി യൂണിഫോം പദ്ധതി വിജയിച്ചിട്ടില്ല.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഗവൺമെന്റ് അനുവദിക്കുന്ന സമ്പത്തെല്ലാം വ്യാജസംഘങ്ങൾ കവർന്നെടുത്തുകൊണ്ടു പോകുന്നു എന്നുള്ള അഭിപ്രായത്തോട് യോജിക്കുന്നില്ല. വ്യാജസംഘങ്ങൾ ഇന്ന് പ്രവർത്തിക്കുന്നില്ല. ഏതെങ്കിലും സംഘങ്ങൾ അങ്ങനെ പ്രവർത്തിക്കു ന്നുണ്ടെങ്കിൽത്തന്നെ അതിനെതിരെ നടപടി സ്വീകരിക്കാൻ ധൈര്യം കാണിക്കാൻ തയ്യാറാകുന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. കേന്ദ്ര ഗവൺമെന്റ് കൊടുത്തിരുന്ന 20 ശതമാനം റിബേറ്റ് പത്തു ശതമാനമായി ചുരുക്കിയിരിക്കുകയാണ്. ബാക്കിത്തുക സംസ്ഥാന ഗവൺമെന്റാണ് കൊടു ക്കുന്നത്. കൈത്തറി വ്യവസായം മെച്ചപ്പെടുത്തിക്കൊണ്ടുവരേണ്ടത് കേരള ത്തിലെ പരമ്പരാഗത വ്യവസായത്തിന്റെ സംരക്ഷണത്തിനും ലക്ഷക്കണക്കിന് തൊഴിലാളി കുടുംബങ്ങളുടെ ഭാവിക്കും അത്യന്താപേക്ഷിതമാണ്. കയറ്റുമതി അതിവേഗം കുറയുകയാണ്. ഓരോ വ്യവസായ സ്ഥാപനത്തിലും നിലനിൽക്കുന്ന സ്റ്റാൻഡിംഗ് റൂൾസ് അനുസരിച്ചാണ് പെൻഷൻ പ്രായം തീരുമാനിക്കുന്നത്. കൈത്തറിത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ

പെൻഷൻ പ്രായം 58 വയസ്സ് എന്നുള്ളത് തൊഴിലാളി സംഘടനകളും ഉടമകളുമെല്ലാം ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. അതേസമയം നിയമമനുസരിച്ച് പെൻഷൻ പ്രായം 60 വയസ്സാണ്. ഇതൊരു നിയമപ്രശ്നമായപ്പോൾ ക്ഷേമനിധി ബോർഡ് പറഞ്ഞത് അവർക്ക് പെൻഷൻ കൊടുക്കാൻ പണമില്ല എന്നാണ്. ആ പശ്ചാത്തലത്തിലാണ് കൈത്തറിത്തൊഴിലാളികൾക്ക് സെസ്സ് നിയമം വന്നത്. സെസ്സ് നിയമം പാസ്സാകുന്ന മുറയ്ക്ക് നിശ്ചയമായും കാശുണ്ടാകും. അതുകൊണ്ട് 58 വയസ്സിൽ പെൻഷനാകുന്ന തൊഴിലാളിക്ക് പെൻഷൻ കൊടുക്കണമെന്ന് ഹൈക്കോടതി വിധി വന്നു. അത് കൈത്തറി വ്യവസായത്തിലെ മഹാഭൂരിപക്ഷം സ്ഥാപനങ്ങളും തൊഴിലാളി സംഘടനകളും ഉടമകളും അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ മറ്റേതെങ്കിലും വ്യവസ്ഥകൾ ഈ നിയമത്തിനകത്ത് ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അതേസമയം ഇ.പി.എഫ്.ന്റെ പെൻഷൻ കിട്ടുന്ന തൊഴിലാളികൾക്ക് 58 വയസ്സിൽ പെൻഷൻ കിട്ടുകയും ചെയ്യും, 60 വയസ്സുവരെ പണിയെടുക്കുകയും ചെയ്യാം. ബില്ലിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ സബ്ജക്ട് കമ്മിറ്റി കൂടുന്ന അവസരത്തിൽ പരിശോധിക്കാം. നിയമ വകുപ്പുമായി ആലോചിച്ച് ആവശ്യമുണ്ടെങ്കിൽ ഉൾപ്പെടുത്തുകയും ചെയ്യാം. 58 വയസ്സിൽ പെൻഷനായിക്കഴിഞ്ഞാൽ പിറ്റേ ദിവസം മുതൽ തൊഴിലെടുക്കാൻ തടസ്സമില്ലെന്ന ഒരു വ്യവസ്ഥ കൊണ്ടുവരുന്നതിനെക്കുറിച്ച് പൊതുവിലുള്ള നയത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും മറ്റ് ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.

----------